കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പൈവളികെ ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2018-19

### ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

**e-mail:doksd.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.എകെ.എസ്.എ/കെ.എസ്.ഡി.5/184/2020.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ് – 671123.
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 0499 4256690.

തീയതി: 11-03-2020.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

പ്രസിഡന്റ് ,
(സെക്രട്ടറി മുഖേന)
പൈവളികെ ഗ്രാമ പഞ്ചായത്ത്.

വിഷയം – പൈവളികെ ഗ്രാമപഞ്ചായത്ത് - 2018-19സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൈവളികെ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1 ലെ 3-1, 3-2 ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :
1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഇമെയിൽ)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3)കാര്യാലയ പകർപ്പ്.

നം കെ.എസ്.എ /കെ.എസ്.ഡി.5/184/2020. തിയ്യതി: 11-03-2020.

# കാസറഗോഡ് ജില്ലയിലെ പൈവളികെ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം**

പുറപ്പെടുവിക്കുന്നത്.)

*****

കാസറഗോഡ് ജില്ലയിലെ പൈവളികെ ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-04-2018 മുതൽ 31-03-2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2018മുതൽ 31-03-2019വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 ഓഡിറ്റ് അന്വേഷണം നൽകിയതിൽ 2 എണ്ണത്തിന് മറുപടി നൽക്കിയിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ ഉണ്ണി പി കെ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10.2.2020 മുതൽ 17.2.2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | (1) ഗോപാലകൃഷ്ണ നായിക്ക് .പി<br>(ഓഡിറ്റ് ഓഫീസർ )<br>(2)രഘുനാഥൻ.കെ<br>(അസി.ഓഡിറ്റ് ഓഫീസർ)<br>(3) എം.ബാബു<br>(അസി ഓഡിറ്റ് ഓഫീസർ)<br>(4) ജനാർദ്ദനൻ.സി<br>(സീനിയർ ഗ്രേഡ് ഓഡിറ്റർ)<br>(5) രമ്യ ടി (ഓഡിറ്റർ)<br>(6) ബിന്ദു.വി.വി (ഓഡിറ്റർ) |

**(ബി) നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ഭാരതി | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ.കെ.പി.എം.നവാസ് | 01.04.2018 മുതൽ 07.04.2018 വരെ |
| | ശ്രീ.കെ.ഗോപാല | 08.04.2018 മുതൽ 18.04.2018 വരെ |
| | ശ്രീ.കെ.രമേശൻ | 19.04.2018 മുതൽ 16.11.2018 FNവരെ |
| | ശ്രീ.കെ.പ്രേമകുമാർ | 16.11.2018 AN മുതൽ 31.3.2019 വരെ |

## 2) നിർവ്വഹണ ഉദ്യോഗസ്ഥർ

| ക്രമ.നം | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.കെ.രമേഷ് കുമാർ.പി | 01.04.2018 മുതൽ 21.06.2018 വരെ |
| | | ശ്രീ.വേണുഗോപാൽ.കെ.എൽ | 22.6.2018 മുതൽ 27.11.2018 വരെ |
| | | ശ്രീ.നിസാർ.കെ.പി | 28.11.2018 മുതൽ 31.03.2019 വരെ |
| 2 | അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.രാഹുൽ | 01.04.2018 മുതൽ 14.06.2018 വരെ |
| | | ശ്രീ.അജയകുമാർ.എ.വി | 15.06.2018 മുതൽ 31.03.2019 വരെ |
| 3 | കൃഷി ഓഫീസർ | ശ്രീമതി.ഹരിത.കെ.വി | 01.04.2018 മുതൽ 11.11.2018 വരെ |
| | | ശ്രീമതി.അഞ്ജന അജയകുമാർ | 12.11.2018 മുതൽ 31.03.2019 വരെ |
| 4 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീ.അജിത.ടി.തെറ്റത്ത് | 01.04.2018 മുതൽ 31.03.2019 വരെ |
| 5 | വി.ഇ.ഒ | ശ്രീ.ശൈലേഷ്.എൻ.ആർ | 01.04.2018 മുതൽ 31.03.2019 വരെ |
| 6 | പ്രധാനാധ്യാപകൻ | ശ്രീ.നാരായണ.കെ | 01.04.2018 മുതൽ 31.03.2019 വരെ |
| 7 | വെറ്റിനറി സർജ്ജൻ | ഡോ.വിഷ്ണു | 01.04.2018 മുതൽ 18.04.2018 വരെ |
| | | ഡോ.നീത.കെ.നായർ | 19.04.2018 മുതൽ 22.04.2018 വരെ |
| | | ഡോ.മഞ്ജു.എസ് | 23.04.2018 മുതൽ 05.12.2018 വരെ |
| | | ഡോ.ജിജിൻ.എസ്. | 06.12.2018 മുതൽ 31.03.2019 വരെ |
| 8 | മെഡിക്കൽ ഓഫീസർ അലോപ്പതി | ഡോ.മുരളീധരൻ.കെ | 01.04.2018 മുതൽ 31.03.2019വരെ |
| 9 | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | ഡോ.സീതാരത്ന.എൻ | 01.04.2018 മുതൽ 31.03.2019 വരെ |
| 10 | മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.ആശാ മേരി | 01.04.2018 മുതൽ 31.03.2019വരെ |

**<u>ഉള്ളടക്കം</u>**

| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം I ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം ) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക ധനകാര്യപത്രിക പരിശോധന സാക്ഷ്യപത്രം പ്രകാരം പരിഹരിക്കുവാൻ അവശേഷിക്കുന്ന അപാകതകൾ | 1-11 |
| 12 | തൊഴിൽ നികുതി - അപാകതകൾ | 1-12 |
| 13 | രശീതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-13 |
| 14 | ബിഡ് സമർപ്പണ ഫീസ് | 1-14 |
| 15 | ടി.ആർ.7-എ ക്യാഷ് ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല | 1-15 |
| 16 | എസ്.എസ്.എ വിഹിതം-വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-16 |
| 17 | പട്ടികജാതി വിഭാഗങ്ങൾക്ക് പി.വി.സി വാട്ടർ ടാങ്ക് പദ്ധതി-അപാകത | 1-17 |
| 18 | പഞ്ചായത്തിലേക്ക് വാഹനം വാടകയ്ക്ക്എടുത്തതിൽ അപാകത | 1-18 |
| 19 | തെരുവ് വിളക്കുകളുടെ പരിപാലനം -അപാകതകൾ | 1-19 |
| 20 | കാർഷിക മേഖലയിൽ പദ്ധതി രൂപീകരണത്തിലെ പോരായ്മകൾ | 1-20 |
| 21 | പദ്ധതികളുടെ മോണിറ്ററിങ് നടത്തിയിട്ടില്ല | 1-21 |
| 22 | മരാമത്ത് പ്രവൃത്തി -കരാർ ചമക്കുന്നതിൽ കാലതാമസം -പിഴ ഈടാക്കിയിട്ടില്ല | 1-22 |
| 23 | വയോജനങ്ങൾക്ക് പകൽ വീട് -പദ്ധതി യാഥാർത്ഥ്യമാക്കണം | 1-23 |
| 24 | ദേശീയതൊഴിലുറപ്പുപദ്ധതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്താതെ തൊഴിൽ രഹിത വേതനം നിലവിൽ നൽകി വരുന്നു. | 1-24 |
| 25 | പ്രസിഡന്റിന്റെ ദുരിതാശ്വാസനിധി സംവിധാനം പ്രവർത്തനക്ഷമമല്ല. | 1-25 |
| 26 | മരാമത്ത് പ്രവൃത്തി -അളവ് മൂല്യത്തിൽ ഉൾപ്പെട്ട ഇനങ്ങൾ നിർവ്വഹണം ചെയ്യാതെ തുക അനുവദിച്ചു | 1-26 |
| 27 | അങ്കണവാടിക്ക് ഒന്നാം നില നിർമ്മിച്ചത് -സ്റ്റെയർ നിർമ്മിക്കാത്തതിനാൽ പ്രയോജന രഹിതം | 1-27 |
| 28 | വൈദ്യുതി കണക്ഷൻ ലഭിക്കാത്തതിനാൽ പ്രവർത്തനമാരംഭിക്കാത്ത പദ്ധതികൾ | 1-28 |
| 29 | കയ്യാർ അങ്കണവാടി പുനരുദ്ധാരണം -കെട്ടിടത്തിന്റെ ചുമർ അപകടാവസ്ഥയിൽ | 1-29 |

| | | |
|---|---|---|
| 30 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കേണ്ടതാണ്. | 1-30 |
| 31 | ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ രേഖകൾ ഹാജരാക്കിയിട്ടില്ല | 1-31 |
| ഭാഗം II<br>**വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | | |
| 32 | ഇല്ല | |
| ഭാഗം III<br>**ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | | |
| 33 | മരാമത്ത് പ്രവൃത്തികൾ കരാർ ചമയ്ക്കുന്നതിൽ കാലതാമസം -ഫൈൻ ഈടാക്കിയിട്ടില്ല | 3-1 |
| 34 | മരാമത്ത് പ്രവൃത്തി -അളവ് മൂല്യത്തിൽ ഉൾപ്പെട്ട ഇനങ്ങൾ നിർവ്വഹണം ചെയ്യാതെ തുക അനുവദിച്ചു | 3-2 |
| ഭാഗം IV<br>**ഓഡിറ്റ് പ്രത്യവലോകനം** | | |
| 35 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 4-1 |
| 36 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 37 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 38 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത് | 4-4 |
| 39 | വായ്പ / വായ്പാതിരിച്ചടവ്. | 4-5 |
| 40 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 41 | ഓഡിറ്റ് റിക്കവറി | 4-7 |
| 42 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 43 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 44 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 45 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |

**അനുബന്ധപത്രികകൾ**

1) ഓഡിറ്റ് സർട്ടിഫിക്കറ്റ്

2) ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,

3) റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,

4) ബാലൻസ് ഷീറ്റ്.

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് അംഗീകരിച്ചതിന്റെ വിവരം -

| ഇനം | ബജറ്റ് |
|---|---|
| ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി തീരുമാനം , തിയതി | 01/17-18<br>dated 15-03-2018 |
| ഭരണ സമിതി തീരുമാനം , തിയതി | 1/1 dated 26-03-2018 |
| മുന്നിരിപ്പ് | 89,10,245 |
| വരവ് | 18,33,54,700 |
| ആകെ | 19,22,64,945 |
| ചെലവ് | 18,62,82,700 |
| നീക്കിയിരിപ്പ് | 59,82,245 |

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 16.05.2019 | ഇല്ല | ഇല്ല |

## 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2018-19 |
|---|---|
| മുന്നിരിപ്പ് | 1,10,21,539 |
| വരവ് | 10,28,89,265 |
| ആകെ | 11,39,10,804 |
| ചെലവ് | 81,1,32,397 |
| നീക്കിയിരിപ്പ് | 3,27,78,407 |

## 1-4 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ

# രജിസ്റ്റർ പ്രകാരം) (2018-19)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 2,45,60,000 | 2,45,60,000 | 2,20,83,755 | 24,76,245 | 89.91 |
| വികസനഫണ്ട് എസ്.സി.പി. | 0 | 56,91,000 | 56,91,000 | 39,46,215 | 17,44,785 | 69.34 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 59,33,000 | 59,33,000 | 28,40,325 | 30,92,675 | 47.87 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 1,07,58,000 | 1,07,58,000 | 68,64,311 | 38,93,689 | 63.80 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 51,06,000 | 51,06,000 | 25,90,875 | 25,15,125 | 50.74 |
| --- ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 1,37,26,692 | 1,37,26,692 | 1,13,86,053 | 23,40,639 | 82.94 |

(* വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യക്കമ്മീഷൻ ഗ്രാന്റ്, എന്നീയിനങ്ങളിലെ നീക്കിയിരിപ്പ് തുകകൾ സഞ്ചിത നിധിയിൽ ലയിപ്പിക്കപ്പെട്ടതിനാൽ ഈയിനങ്ങളിൽ നീക്കിയിരിപ്പില്ല. ലാപ്സായ തുക കണക്കാക്കുന്നതിന് വേണ്ടി മേൽ ഇനങ്ങളിലെ നീക്കിയിരിപ്പ് മേൽ പട്ടികയിൽ ഉൾപ്പെടുത്തേണ്ടതാണ് )

<u>ഫണ്ട് വിനിയോഗം രസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം</u>

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 2,20,83,755 | 2,20,83,755 | 2,20,83,755 | 0 |
| വികസനഫണ്ട് - SCP | 0 | 39,46,215 | 39,46,215 | 39,46,215 | 0 |
| വികസനഫണ്ട് – TSP | 0 | 28,40,325 | 28,40,325 | 28,40,325 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 68,64,311 | 68,64,311 | 68,64,311 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 25,90,875 | 25,90,875 | 25,90,875 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 1,13,86,053 | 1,13,86,053 | 1,13,86,053 | 0 |
| **ബി ഫണ്ട്** | | | | | |
| തൊഴിൽ രഹിത വേതനം | 0 | 22,440 | 22,440 | 22,440 | 0 |
| വിവാഹധനസഹായം | 0 | 3,30,000 | 3,30,000 | 3,30,000 | 0 |
| നെൽ ഉല്പാദക ബോണസ്സ് | 0 | 62,000 | 62,000 | 62,000 | 0 |
| തൊഴിലുറപ്പ് - 100 ദിന ഇൻസെന്റീവ് | 0 | 2,39,000 | 2,39,000 | 2,39,000 | 0 |
| TSB സംയുക്ത പദ്ധതി | 2,030 | 39,96,877 | 39,98,907 | 33,82,826 | 6,16,081 |

| | | | | | |
|---|---|---|---|---|---|
| ട്രഷറി TSB ജനറൽ പർപ്പസ് | 25,32,833 | 2,99,56,275 | 3,24,89,108 | 1,30,85,102 | 1,94,04,006 |
| | | | | | |
| കേന്ദ്രാവിഷ്കൃത പദ്ധതി M G N R E G S | 13238 | 6,09,014 | 6,22,252 | 5,82,193 | 40,059 |
| കേന്ദ്രാവിഷ്കൃത പദ്ധതി I W D P Hariyali | 1,853 | 74 | 1,927 | 0 | 1,927 |
| കേന്ദ്രാവിഷ്കൃത പദ്ധതി SSA | 40,585 | 0 | 40,585 | 0 | 40,585 |
| കേന്ദ്രാവിഷ്കൃത പദ്ധതി ICDS | 10,71,902 | 9,52,825 | 20,24,727 | 7,79,421 | 12,45,306 |
| കേന്ദ്രാവിഷ്കൃത പദ്ധതി N P R P D | 5,40,000 | 0 | 0 | 0 | 5,40,000 |

# 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത്(എണ്ണം) | നടപ്പാക്കിയത് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 276 | 167 | 41 (Queue Bills) | 50 | 60.50 |

<u>നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം</u>

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2018-19 വർഷ ത്തിൽ നടപ്പാക്കേ ണ്ട പദ്ധതികളുടെ വിവരം | | 2018-19 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാ നം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 18 | 49,39,328 | 09 | 33,61,788 | 68.06 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 08 | 19,38,000 | 04 | 14,82,435 | 76.40 |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 205 | 6,34,80,627 | 116 | 3,01,50,141 | 47.49 |
| 4 | കൃഷി ഓഫീസർ | 14 | 68,27,667 | 13 | 31,27,231 | 45.80 |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 08 | 3,63,20,325 | 07 | 1,80,92,000 | 49.81 |
| 6 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 08 | 64,14,074 | 08 | 59,60,291 | 92.92 |
| 7 | വെറ്റനറി സർജ്ജൻ | 05 | 24,55,000 | 03 | 6,79,327 | 27.67 |
| 8 | മെഡിക്കൽ ഓഫീസർ - | 01 | 1,50,000 | 01 | 1,50,000 | 100 |

| | | | | | | |
|---|---|---|---|---|---|---|
| | ആയുർവ്വേദം | | | | | |
| 9 | മെഡിക്കൽ ഓഫീസർ -പി.എച്ച്.സി | 03 | 11,00,000 | 03 | 10,87,770 | 98.90 |
| 10 | മെഡിക്കൽ ഓഫീസർ - ഹോമിയോ | 01 | 1,50,000 | 01 | 1,50,000 | 100 |
| 11 | പ്രധാനാധ്യാപകൻ | 05 | 26,60,000 | 02 | 15,62,000 | 58.70 |
| | ആകെ | 276 | 12,64,35,021 | 167 | 6,58,02,983 | 60.50 |

# 1-6 തൊഴിലുറപ്പ് പദ്ധതി (2018-19)

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 13,238 | 6,09,014 | 6,22,252 | 5,82,193 | 40,059 |
| തൻവർഷം 100 ദിനം തൊഴിൽ | 0 | 2,39,000 | 2,39,000 | 2,39,000 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 3,51,61,651 | 3,51,61,651 | 3,51,61,651 | 0 |
| ആകെ | 13,238 | 3,60,09,665 | 3,60,22,903 | 3,59,82,844 | 40,059 |

| | |
|---|---|
| ആക്ഷൻ പ്ലാൻ പ്രകാരം ആകെ പദ്ധതികൾ | 322 |
| ആക്ഷൻ പ്ലാൻ പ്രകാരം ആകെ അടങ്കൽ | 8,32,67,763 |
| തൻവർഷം നടപ്പാക്കിയ പദ്ധതികൾ | 250 |
| സൃഷ്ടിച്ച ആകെ മനുഷ്യദിനം | 1,08,730 |
| രജിസ്റ്റർ ചെയ്ത ആകെ കുടുംബങ്ങൾ | 4,355 |
| തൻവർഷം 100 ദിനം തൊഴിൽ ലഭിച്ചവരുടെ എണ്ണം | 478 |

# 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 22,440 | 12 |
| കർഷകതൊഴിലാളി പെൻഷൻ | 23,92,400 | 230 |
| | | |

| | | |
|---|---|---|
| വിധവാപെൻഷൻ | 1,53,63,400 | 1,353 |
| വാർദ്ധക്യകാലപെൻഷൻ | 2,21,98,700 | 2,067 |
| വികലാംഗപെൻഷൻ | 60,20,300 | 500 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 1,99,100 | 18 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 3,30,000 | 11 |

# 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.02..2020 തീയതിയിൽ 4.00 PM ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാനിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 24,597/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18-01-2020 | From 09/2019 To 12/2019 | 18-01-2020 |

# 1-10 ആഭ്യന്തര നിയന്ത്രണം

പൊതുനിയന്ത്രണം

അക്കൌണ്ടിങ്ങ് നടപടികളെ കുറിച്ചുള്ള എഴുതപ്പെട്ട രേഖ ഗ്രാമപഞ്ചായത്തിൽ നിലവിലുണ്ട്. ഗ്രാമ പഞ്ചായത്തിൽ വിവിധ ജീവനക്കാർക്ക് ഓഫീസ് ഓർഡർ പ്രകാരം ജോലി നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. വരവ് ചെലവുകളെ നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനും ക്രമീകരിക്കുന്നതിനുമായി സ്ഥാപനത്തിൽ ബഡ്ജററ് പാസ്സാക്കിയിട്ടുണ്ട്. അപാകതകൾ ഉണ്ടെങ്കിലും പഞ്ചായത്തിന്റെ ധനപരമായ രേഖകളും വരവ് ചെലവ് പത്രികകളും പഞ്ചായത്തിന്റെ ധനപരമായ പ്രവർത്തനങ്ങളെ വിശദീകരിക്കുവാൻ പര്യാപ്തമാണ്. സേവനാവകാശനിയമം അനുശാസിക്കുന്ന തരത്തിലുള്ള സേവനങ്ങൾ എത്ര സമയത്തിനുള്ളിൽ ലഭ്യമാക്കും എന്ന് വ്യക്തമാക്കുന്ന വിവരങ്ങൾ രേഖപ്പെടുത്തിയ ബോർഡ് നിലവിൽ ഗ്രാമ പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുണ്ട്. വിവരാവകാശനിയമം അനുശാസിക്കുന്ന തരത്തിലുള്ള ബോർഡും പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുണ്ട്.

അക്കൌണ്ടിങ്ങ് സമ്പ്രദായം

അക്കൌണ്ടിങ്ങ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജിസ്റ്ററുകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട് . നവീകരിച്ച അക്കൌണ്ടിങ്ങ് മാന്വൽ പ്രകാരമുള്ള മാറ്റങ്ങൾ സ്ഥാപനം ഉൾക്കൊള്ളുകയും ആയത് അനുസരിച്ചുള്ള കാലികമായ മാറ്റങ്ങൾ സ്ഥാപനത്തിൽ നടപ്പിൽവരുത്തുകയും ചെയ്തുവരുന്നുണ്ട്. സ്ഥാപനത്തിൽ കൃത്യമായും സമയബന്ധിതമായും സ്ഥാപനത്തിന്റെ അക്കൌണ്ടിങ്ങ് ഇടപാടുകൾ രേഖപ്പെടുത്തി വരികയും, ആയതുവഴി സ്ഥാപനത്തിന്റെ ഏതു സമയത്തുമുള്ള സാമ്പത്തിക നില പ്രതിഫലിക്കപ്പെടുകയും ചെയ്യുന്നുണ്ട്. ജനറൽ ലെഡ്ജറും സബ്സിഡിയറി ലെഡ്ജറും ഉൾക്കൊള്ളുന്ന ഡബിൾ എൻട്രി സിസ്ററമാണ് സ്ഥാപനത്തിൽ നിലവിലുള്ളത്.മാസാന്ത്യങ്ങളിൽ റീകൺസിലിയേഷൻ നടത്തിവരാറുണ്ട്. റസീറ്റ് ബുക്കുകൾക്കും ഫോറങ്ങൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്.

<u>പണത്തിനും ബാങ്കിനും മുകളിലുള്ള നിയന്ത്രണം</u>

വിവിധ വരവുകൾ യഥായമയം തന്നെ ബാങ്കുകളിൽ വരവു വെക്കുന്നുണ്ട്. പഞ്ചായത്തിൽ ലഭിക്കുന്ന ചെക്കുകളും ഡി.ഡികളും ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുകയും കാലതാമസം കൂടാതെ ബാങ്കുകളിൽ നിക്ഷേപിക്കുകയും ചെയ്യുന്നുണ്ട്.സുരക്ഷിതമായ തരത്തിൽ ഫ്രണ്ട്ഓഫീസ് സംവിധാനത്തിലൂടെയാണ് പഞ്ചായത്തിൽ പണം സ്വീകരിച്ചു വരുന്നത്. ബിൽ കലക്ടർമാർ സ്വീകരിക്കുന്ന പിരിവു തുക അതാതു ദിവസമോ അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസമോ പഞ്ചാത്ത് ഫണ്ടിൽ അടവാക്കി വരുന്നുണ്ട്.

<u>നികുതി -നികുതിയേതര വരവുകളിൽ മേലുള്ള നിയന്ത്രണം</u>

നികുതികൾ ഡിമാന്റ് ചെയ്ത് പിരിച്ചെടുക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വസ്തുനികുതി, ലൈബ്രറി സെസ്സ്, വാടക എന്നിവയൊഴികെ 100% പിരിവ് നടത്തിയിട്ടുണ്ട്. നികുതികൾ തൊട്ടടുത്ത വർഷത്തേക്ക് ക്യാരി ഓവർ ചെയ്യുന്നുണ്ട്.

<u>കൺട്രോൾ ഓവർ പേറോൾ</u>

ജീവനക്കാരുടെ സേവനപുസ്തകം, ലീവ് റെക്കോർഡ്സ് എന്നിവ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. പേ റിവിഷൻ, അഡ്ജസ്റ്റ്മെന്റ് സംബന്ധമായ കാര്യങ്ങൾ കൃത്യമായി പരിശോധിക്കുന്നുണ്ട്. ജീവനക്കാരുടെ ശമ്പളം നിലവിൽ ബാങ്ക് അക്കൗണ്ട് വഴിയാണ് നൽകുന്നത്.

<u>രജിസ്റ്ററുകളുടെ സൂക്ഷിപ്പ്</u>

ഗ്രാമപഞ്ചായത്തിൽ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട പ്രധാന രജിസ്റ്ററുകളായ അക്വിറ്റൻസ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ജീവനക്കാരുടെ റിക്കവറി സംബന്ധമായ രജിസ്റ്റർ, ഡിപ്പോസിറ്റ് രജിസ്റ്റർ തുടങ്ങിയവ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്. ഇൻകുബൻസി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.4 ജീവനക്കാരുടെ പേർസണൽ രജിസ്റ്റർ മാത്രമെ പരിശോധനക്ക് ഹാജരാക്കിയിട്ടുള്ളൂ, പക്ഷെ ഈ രജിസ്റ്ററുകളിലൊന്നിലും ഫയലുകളുടെ തീർപ്പ് സംബന്ധിച്ച വിശദാംശങ്ങൾ രേഖപ്പെടുത്തുന്നില്ല.

# 1-11 വാർഷിക കണക്കു് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ.

1. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് (ഷെഡ്യൂൾ I-1) പ്രകാരം പ്രോപ്പർട്ടി ടാക്സ് ഓൺ റസിഡൻഷ്യൽ ബിൽഡിംഗ്സ് ഇനത്തിൽ തൻവർഷത്തെ ഡിമാന്റ് 14,50,091/- രൂപയാണ്. എന്നാൽ റസീറ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് (ഷെഡ്യൂൾ RP-43) പ്രകാരം പ്രോപ്പർട്ടി ടാക്സ് ഓൺ റസിഡൻഷ്യൽ ബിൽഡിംഗ്സ് (കറന്റ്) ഇനത്തിൽ തൻവർഷത്തെ പിരിവ് 11,13,891/- രൂപയാണ്, കൂടാതെ 31.03.2018 ലെ ബാലൻസ് ഷീറ്റ് (ഷെഡ്യൂൾ B-9) പ്രകാരം പ്രോപ്പർട്ടി ടാക്സ് ഓൺ റസിഡൻഷ്യൽ ബിൽഡിംഗ്സ് ഇനത്തിൽ മുൻകൂറായി 1,980/-രൂപയും പിരിവുണ്ട്. അതായത് പ്രോപ്പർട്ടി ടാക്സ് ഓൺ റസിഡൻഷ്യൽ ബിൽഡിംഗ്സ് ഇനത്തിൽ തൻവർഷത്തെ ആകെ വരവ് 11,15,871/-രൂപയാണ്. ഇതിൻ പ്രകാരം 3,34,220/- രൂപ പിരിഞ്ഞുകിട്ടാനുണ്ട്. എന്നാൽ 31.03.2019 ലെ ബാലൻസ് ഷീറ്റ് (ഷെഡ്യൂൾ B-15)

പ്രകാരം പ്രോപ്പർട്ടി ടാക്സ് ഓൺ റസിഡൻഷ്യൽ ബിൽഡിംഗ്സ് (കറന്റ്) ഇനത്തിൽ ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക 3,47,115/- രൂപയാണ്. ആയതിനാൽ 31.03.2019 ലെ ബാലൻസ് ഷീറ്റ് പ്രകാരം പ്രോപ്പർട്ടി ടാക്സ് ഓൺ റസിഡൻഷ്യൽ ബിൽഡിംഗ്സ് (കറന്റ്) ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക ശരിയല്ല.

2. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് (ഷെഡ്യൂൾ I-1) പ്രകാരം പ്രോപ്പർട്ടി ടാക്സ് ഓൺ നോൺ-റസിഡൻഷ്യൽ ബിൽഡിംഗ്സ് ഇനത്തിൽ തൻവർഷത്തെ ഡിമാന്റ് 8,82,373/- രൂപയാണ്. എന്നാൽ റസീറ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് (ഷെഡ്യൂൾ RP-43) പ്രകാരം പ്രോപ്പർട്ടി ടാക്സ് ഓൺ നോൺ-റസിഡൻഷ്യൽ ബിൽഡിംഗ്സ് (കറന്റ്) ഇനത്തിൽ തൻവർഷത്തെ പിരിവ് 5,71,931/- രൂപയാണ്. 31.03.2018 ലെ ബാലൻസ് ഷീറ്റ് (ഷെഡ്യൂൾ B-9) പ്രകാരം പ്രോപ്പർട്ടി ടാക്സ് ഓൺ നോൺ-റസിഡൻഷ്യൽ ബിൽഡിംഗ്സ് ഇനത്തിൽ മുൻകൂറായി തുകയൊന്നും ലഭിച്ചിട്ടില്ല. ഇതിൻ പ്രകാരം 3,10,442/- രൂപ പിരിഞ്ഞുകിട്ടാനുണ്ട്. എന്നാൽ 31.03.2019 ലെ ബാലൻസ് ഷീറ്റ് (ഷെഡ്യൂൾ B-15) പ്രകാരം പ്രോപ്പർട്ടി ടാക്സ് ഓൺ നോൺ-റസിഡൻഷ്യൽ ബിൽഡിംഗ്സ് (കറന്റ്) ഇനത്തിൽ തുകയൊന്നും പിരിഞ്ഞുകിട്ടാനില്ല. ആയതിനാൽ 31.03.2019 ലെ ബാലൻസ് ഷീറ്റ് പ്രകാരം പ്രോപ്പർട്ടി ടാക്സ് ഓൺ നോൺ-റസിഡൻഷ്യൽ ബിൽഡിംഗ്സ് (കറന്റ്) ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക ശരിയല്ല.

3. 31.03.2018 ലെ ബാലൻസ് ഷീറ്റ് (ഷെഡ്യൂൾ B-15) പ്രകാരം പ്രോപ്പർട്ടി ടാക്സ് ഓൺ റസിഡൻഷ്യൽ ബിൽഡിംഗ്സ് (കറന്റ് & അരിയർ) ഇനത്തിൽ 17,05,272.40 രൂപ പിരിഞ്ഞുകിട്ടാനുണ്ട്. എന്നാൽ 2018-19 വർഷത്തെ റസീറ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് (ഷെഡ്യൂൾ RP-43) പ്രകാരം പ്രോപ്പർട്ടി ടാക്സ് ഓൺ റസിഡൻഷ്യൽ ബിൽഡിംഗ്സ് (അരിയർ) ഇനത്തിൽ തൻവർഷം 6,45,283/- രൂപ പിരിവുണ്ട്. ഇതിൻ പ്രകാരം 10,59,989.40/- രൂപ പിരിഞ്ഞുകിട്ടാനുണ്ട്. എന്നാൽ 31.03.2019 ലെ ബാലൻസ് ഷീറ്റ് (ഷെഡ്യൂൾ B-15) പ്രകാരം ടാക്സ് ഓൺ റസിഡൻഷ്യൽ ബിൽഡിംഗ്സ് (അരിയർ) ഇനത്തിൽ ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക 6,03,575/- രൂപയാണ്. ആയതിനാൽ 31.03.2019 ലെ ബാലൻസ് ഷീറ്റ് പ്രകാരം പ്രോപ്പർട്ടി ടാക്സ് ഓൺ റസിഡൻഷ്യൽ ബിൽഡിംഗ്സ് (കറന്റ്) ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക ശരിയല്ല.

4. 31.03.2018 ലെ ബാലൻസ് ഷീറ്റ് (ഷെഡ്യൂൾ B-15) പ്രകാരം പ്രോപ്പർട്ടി ടാക്സ് ഓൺ നോൺ-റസിഡൻഷ്യൽ ബിൽഡിംഗ്സ് (കറന്റ് & അരിയർ) ഇനത്തിൽ 11,88,433/- രൂപ പിരിഞ്ഞുകിട്ടാനുണ്ട്. എന്നാൽ 2018-19 വർഷത്തെ റസീറ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് (ഷെഡ്യൂൾ RP-43) പ്രകാരം പ്രോപ്പർട്ടി ടാക്സ് ഓൺ നോൺ-റസിഡൻഷ്യൽ ബിൽഡിംഗ്സ് (അരിയർ) ഇനത്തിൽ തൻവർഷത്തെ പിരിവ് 4,47,630/- രൂപ പിരിവുണ്ട്. ഇതിൻ പ്രകാരം 7,40,803/- രൂപ പിരിഞ്ഞുകിട്ടാനുണ്ട്. എന്നാൽ 31.03.2019 ലെ ബാലൻസ് ഷീറ്റ് (ഷെഡ്യൂൾ B-15) പ്രകാരം ടാക്സ് ഓൺ നോൺ-റസിഡൻഷ്യൽ ബിൽഡിംഗ്സ് (അരിയർ) ഇനത്തിൽ ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക 5,14,996/- രൂപയാണ്. ആയതിനാൽ 31.03.2019 ലെ ബാലൻസ് ഷീറ്റ് പ്രകാരം പ്രോപ്പർട്ടി ടാക്സ് ഓൺ നോൺ-റസിഡൻഷ്യൽ ബിൽഡിംഗ്സ് (കറന്റ്) ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക ശരിയല്ല.

5. 31.03.2019 ലെ ബാലൻസ് ഷീറ്റ് (ഷെഡ്യൂൾ B-5, സെക്യൂഡ് ലോൺ) പ്രകാരം KURDFC-യിൽ നിന്നുള്ള ലോൺ (ലൈഫ് ഭവന പദ്ധതിയുടെ വായ്പ) ഇനത്തിൽ 79,12,000/-രൂപ തിരിച്ചടയ്ക്കാനുണ്ട്. എന്നാൽ ലോൺ രജിസ്റ്ററിൽ ലൈഫ് ഭവന പദ്ധതിയ്ക്കായി KURDFC-യിൽ നിന്നുമെടുത്ത വായ്പയുടെ വിവരം ചേർത്തിട്ടില്ല. ലോൺ രജിസ്റ്റർ കാലികമാക്കണം.

6. വാർഷിക ധനകാര്യ പത്രിക പ്രകാരം തൻവർഷം ഡപ്പോസിറ്റ് ഇനത്തിൽ (ഷെഡ്യൂൾ RP-34) 1,35,636/- രൂപ വരവുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ഡപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഡപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

7. വാർഷിക ധനകാര്യ പത്രിക പ്രകാരം (ഷെഡ്യൂൾ I-6) മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ തൻവർഷത്തെ ചെലവ് 3,57,42,744/- രൂപയാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിലെ

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സെക്ഷനിൽ നിന്നും ലഭ്യമായ വിവരം പ്രകാരം തൻവർഷത്തെ ചെലവ് 3,57,43,844/- രൂപയാണ് (വേതനം 3,05,43,678/-രൂപ, സാധനങ്ങൾ 46,17,973/- രൂപ, ഭരണ ചെലവ് 5,82,193/- രൂപ). വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ തൻവർഷത്തെ ചെലവും എഫ്.ടി.ഒ പ്രകാരമുള്ള ചെലവും തമ്മിൽ 1,100/-രൂപയുടെ വ്യത്യാസമുണ്ട്.

8. ഗ്രാമ പഞ്ചായത്തിലെ നിലവിലുള്ള മുഴുവൻ ആസ്തികളും മൂല്യനിർണ്ണയം ചെയ്ത് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. വർഷാന്ത്യത്തിൽ ആസ്തികളുടെ ഭൗതിക പരിശോധന, സ്റ്റോക്കിന്റെ ഭൗതിക പരിശോധന എന്നിവ നടത്തിയില്ല.

9. വാർഷിക ധനകാര്യ പത്രികയോടപ്പം നോട്സ് ഓൺ അക്കൗണ്ട് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

# 1-12 തൊഴിൽ നികുതി - അപാകതകൾ

പൈവളിക ഗ്രാമപഞ്ചായത്തിലെ 2018-19 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

<u>തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിൽ കാലതാമസം</u>

പൈവളിക ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ തൊഴിൽ നികുതി ഒടുക്കിയതായി കണ്ടെത്തിയില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.04/18-19 തീയതി:15.02.2020) ടി സ്ഥാപനങ്ങൾ തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ടെന്ന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. എന്നാൽ ടി സ്ഥാപനങ്ങൾ 2018-19 ലെ നികുതി ഒടുക്കിയിരിക്കുന്നത് 2019-20 വർഷത്തിലാണ്.

കാമിൽ ഇംഗ്ലീഷ് മീഡിയം സ്കൂൾ കൊക്കേച്ചാൽ 2018-19 രണ്ട് അർദ്ധവർഷങ്ങളിലെയും തൊഴിൽ നികുതി ഒടുക്കിയിരിക്കുന്നത് 02.07.2019 നും (രശീതി നം.119100101819) , ജിലനിധി പ്രൊജക്റ്റ് ഓഫീസ് പൈവളിക രണ്ടാം അർദ്ധവർഷത്തെ തൊഴിൽ ഒടുക്കിയിരിക്കുന്നത് രശീതി നം. 11922346100057 പ്രകാരം 16.10.2019 നുമാണ്. സിൻഡിക്കേറ്റ് ബാങ്ക് പൈവളിക നഗർ നികുതി ഒടുക്കിയിരിക്കുന്നത് 05.05.19 നാണ്. (രശീതി നം.119100400001)

കൂടാതെ എൽ.എസ്.ജി.ഡി സെക്ഷൻ പൈവളിക 2018-19 ഒന്നാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഒടുക്കിയത് ഓഡിറ്റ് എൻക്വയറി (എൻക്വയറി നം.04/18-19 തീയതി:15.02.2020) നൽകിയ ശേഷം 17.02.2020 നാണ് (രശീതി നം.1191001055521).

നികുതി പിരിച്ചെടുക്കുന്നതിൽ കാലതാമസം വരുത്തുന്നത് ശരിയല്ല. ഒരോ വർഷത്തെ നികുതിയും അതാത് വർഷം തന്നെ പിരിച്ചെടുക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

<u>അംഗീകൃത കരാറുകാർ, റേഷൻ വ്യാപാരികൾ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204 (ii) എ (i) വകുപ്പ് പ്രകാരം പഞ്ചായത്ത് പരിധിയിലെ അംഗീകൃത കരാറുകാർ, റേഷൻ വ്യാപാരികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ തുടങ്ങിയവർ തൊഴിൽ നികുതി ഒടുക്കേണ്ടതാണ്. പൈവളിക പഞ്ചായത്തിലെ 2018-19 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിലെ അംഗീകൃത കരാറുകാർ റേഷൻ വ്യാപാരികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ തുടങ്ങിയവരിൽ നിന്നും നികുതി ഡിമാന്റ് ചെയ്യുകയോ, ഈടാക്കുകയോ ചെയ്തതായി കാണുന്നില്ല. മേൽപറഞ്ഞവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുകയും വിവരം ഓഡിറ്റിനെ അറിയിക്കുകയും ചെയ്യേണ്ടതാണ്.

<u>നികുതിയുടെ സംഗ്രഹം എഴുതിയിട്ടില്ല</u>

തൊഴിൽ നികുതി രജിസ്റ്ററിൽ ഓരോ വർഷത്തെയും രേഖപ്പെടുത്തലുകൾ അവസാനിക്കുന്നിടത്ത് അതാത് വർഷത്തെ നികുതിയുടെ ഡിമാന്റ്, കലക്ഷൻ, ബാലൻസ് എന്നിവ ഉൾപ്പെടുന്ന സംക്ഷിപ്തം എഴുതി ചേർക്കണം. 2018-19 വർഷതെത തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ സംക്ഷിപ്തം ചേർത്തിട്ടില്ല. നികുതി സംബന്ധിച്ച ഡിമാൻഡ്, കലക്ഷൻ, ബാലൻസ് എന്നിവയുടെ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തലുകൾ നടത്തി ആയതിന്റെ വിശദ വിവരങ്ങൾ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

<u>അരിയർ ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല</u>

സ്ഥാപനത്തിൽ തൊഴിൽ നികുതിയുടെ അരിയർ ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ തൊഴിൽ നികുതി കുടിശ്ശികയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. നികുതി ഒടുക്കുവാൻ ബാക്കിയുള്ള മുഴുവൻ സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും വിവരങ്ങളടങ്ങിയ അരിയർ ഡിമാൻറ് രജിസ്റ്റർ തയ്യാറാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-13 രശീതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

പൈവളിക ഗ്രാമപഞ്ചായത്തിന്റെ 01.04.2018 മുതൽ 10.02.2020 വരെയുള്ള രശീതി ബുക്കുകളും കലക്ഷൻ രജിസ്റ്ററും പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുകയുണ്ടായി.

<u>രശീതി ബുക്കുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല</u>

പുറംവാതിൽ നികുതി പിരിവിനായി ക്ലർക്കുമാർക്ക് നൽകുന്ന രശീതി ബുക്കുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ ശേഷമാണ് നൽകേണ്ടത്. എന്നാൽ പഞ്ചായത്തിൽ നിന്നും നൽകിയ രശീതി ബുക്ക് നം.6828, 12340, 12343, 12352, 12353, 22337, 22338, 22349, 22350 എന്നിവയിൽ സെക്രട്ടറിയുടെ സാക്ഷ്യപത്രം കാണുന്നില്ല. ഭാവിയിൽ എല്ലാ രശീതി ബുക്കുകളും സാക്ഷ്യപ്പെടുത്തിയശേഷം നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

<u>ക്യാൻസൽ ചെയ്ത രശീതികൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല</u>

അപാകങ്ങൾ ഉണ്ടായാൽ നികുതി പിരിവിനായി നൽകുന്ന രശീതി ബുക്കുകളിലെ താളുകൾ റദ്ദ് ചെയ്യേണ്ടതായി വരാറുണ്ട്. എന്നാൽ ഇത്തരത്തിൽ റദ്ദ് ചെയ്യുമ്പോൾ പ്രസ്തുത താൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി വയ്ക്കേണ്ടതാണ്. എന്നാൽ പഞ്ചായത്തിലെ രശീതി പരിശോധനയിൽ റദ്ദ് ചെയ്ത ചില രശീതികൾ കാരണങ്ങൾ എഴുതാതെയും സെക്രട്ടറി സാക്ഷ്യപ്പെടുത്താതെയും കാണുകയുണ്ടായി. ഭാവിയിൽ റദ്ദ് ചെയ്യുന്ന താളുകളിൽ കാരണം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി വയ്ക്കേണ്ടതാണ്. പ്രസ്തുത നികുതി ദാതാവിൽ നിന്നും നികുതി ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുകയും ചെയ്യേണ്ടതാണ്.

# 1-14 ബിഡ് സമർപ്പണ ഫീസ്

തൻ വർഷം ഇ-ടെണ്ടർ മുഖേന ഗ്രാമ പഞ്ചായത്ത് ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ബിഡ് സമർപ്പണ ഫീസ് ഇനത്തിൽ കരാറുകാർ അടക്കുന്ന തുകകൾ കാസറഗോഡ് ജില്ലാ പഞ്ചായത്ത് എൽ.എസ്.ജി.ഡി. ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലാണ് വരവ് വന്നിരിക്കുന്നത്. ഈ ഇനത്തിൽ ഗ്രാമ പഞ്ചായത്തിന് ജില്ലാ പഞ്ചായത്ത് എൽ.എസ്.ജി.ഡി. ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ലഭിക്കാനുള്ള തുകയുടെ കൃത്യമായ കണക്ക് പഞ്ചായത്തിൽ ലഭ്യമല്ല. ആയതിനാൽ ബിഡ് സമർപ്പണ ഫീസിനത്തിൽ ജില്ലാ പഞ്ചായത്ത് എൽ.എസ്.ജി.ഡി. ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും

ലഭിക്കാനുള്ള തുകയുടെ കൃത്യമായ കണക്ക് തയ്യാറാക്കി തുക ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇടെണ്ടർ നടത്തിയ പ്രവൃത്തികളുടെ ടെണ്ടർ ഐ.ഡി കൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ടെണ്ടർ ഐ.ഡി. |
|---|---|
| 1 | 2019_LSGD_225135_1 |
| 2 | 2019_LSGD_225227_1 |
| 3 | 2019_LSGD_225254_1 |
| 4 | 2019_LSGD_225395_1 |
| 5 | 2018_LSGD_225477_1 |
| 6 | 2018_LSGD_225487_1 |
| 7 | 2018_LSGD_225491_1 |
| 8 | 2018_LSGD_225564_1 |
| 9 | 2018_LSGD_225578_1 |
| 10 | 2018_LSGD_225466_2 |
| 11 | 2018_LSGD_225051_2 |
| 12 | 2018_LSGD_252940_1 |
| 13 | 2018_LSGD_252943_1 |
| 14 | 2018_LSGD_252949_1 |
| 15 | 2018_LSGD_252950_1 |
| 16 | 2018_LSGD_252956_1 |
| 17 | 2018_LSGD_253081_1 |
| 18 | 2019_LSGD_271817_1 |
| 19 | 2019_LSGD_271824_1 |

# 1-15 ടി.ആർ.7-എ ക്യാഷ് ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല

വി ഇ ഒ ,നിർവ്വഹണ ഉദ്യോഗസ്ഥൻ തൻവർഷം വിവിധ പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ നിർദ്ദിഷ്ട മാതൃകയിലുള്ള ക്യാഷ്ബുക്ക്, പ്രോജക്റ്റ് രജിസ്റ്റർ എന്നിവ പരിപാലിച്ചിട്ടില്ല. ധനകാര്യവകുപ്പിന്റെ 12-04-2006 ലെ 177/2006-ാം നം ഉത്തരവ് പ്രകാരം നിർവഹണോദ്യോഗസ്ഥർ ടി.ആർ 7-എ ക്യാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവ് ചെലവ് കണക്ക് രേഖപ്പെടുത്തണം. ഖ.26.6 പ്രകാരം അനുബന്ധം ബി. V-ൽ പ്രോജക്റ്റ് രജിസ്റ്റർ സൂക്ഷിക്കണം. എല്ലാ നിർവഹണോദ്യോഗസ്ഥ ടി.ആർ 7-എ ക്യാഷ്ബുക്ക്, പ്രോജക്ട് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

# 1-16 എസ്.എസ്.എ വിഹിതം-വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| പ്രൊജക്ട് നമ്പറും പേരും | 91/19-എസ്.എസ്.എ വിഹിതം |

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| അടങ്കല് | 15,00,000/- രൂപ-വികസനഫണ്ട് |
| ചെലവ് | 15,00,000/- രൂപ.(ബിൽ നം1/20.8.2018) |

ഗ്രാമപഞ്ചായത്ത് 2018-19 വർഷത്തിൽ എസ്.എസ്.എ വിഹിതമായി 15,00,000/-രൂപ അടവാക്കിയിട്ടുണ്ട്.ഈ തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുമുണ്ട്(നം.ഇല്ല,തിയ്യതി-06.06.2019)എന്നാൽ തുക അടവാക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ടുള്ള എസ്.എസ്.എ പ്രൊജക്ട് ഡയറക്ടറുടെ കത്ത് ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ തന്നെ ഗ്രാമപഞ്ചായത്ത് പരിധിയിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തുന്നതിന് വിഭാവനം ചെയ്തിരുന്നതെന്നും അവയുടെ മതിപ്പ് ചെലവും വ്യക്തമല്ല. എസ്.എസ്.എ ഫണ്ടുപയോഗിച്ച് ഗ്രാമപഞ്ചായത്ത് പരിധിയിൽ ഉള്ള സ്കൂളുകളിൽ നടത്തപ്പെട്ട പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വിലയിരുത്തിയതായും കാണുന്നില്ല.പദ്ധതി മാർഗ്ഗരേഖ (സ.ഉ.(കൈ.) നം.11/2018/ത.സ്വ.ഭ.വ തി.29.1.2018 ) ഖണ്ഡിക 7-6(3) പ്രകാരം എസ്.എസ്.എ പ്രൊജക്ടുകൾ രൂപീകരിക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖ്യ പങ്ക് വഹിക്കേണ്ടതാണ്.കൂടാതെ വിഭാവനം ചെയ്തിരുന്ന പ്രവൃത്തികൾ ഉദ്ദേശിച്ച വിധത്തിൽ പൂർത്തീകരിച്ചിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിയും ഉറപ്പ് വരുത്തേണ്ടതുമാണ്.ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-17 പട്ടികജാതി വിഭാഗങ്ങൾക്ക് പി.വി.സി വാട്ടർ ടാങ്ക് പദ്ധതി-അപാകത

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.സെക്രട്ടറി |
| അടങ്കൽ - എസ്.സി.പി - 2,00,000/- രൂപ | ചെലവ് - എസ്.സി.പി -1,86,900/-രൂപ |
| തനത് ഫണ്ട് - 2,000/- രൂപ | ചെലവ് -തനത് ഫണ്ട് - ചെലവ് ഇല്ല |
| ഗുണഭോക്തൃ വിഹിതം - 50,000/- രൂപ | ചെലവ് -ഗുണഭോക്തൃ വിഹിതം - 49,700/- രൂപ |

പട്ടികജാതി വിഭാഗത്തിൽ പെടുന്ന ഗുണഭോക്താക്കൾക്ക് ശുദ്ധജലം സൂക്ഷിച്ച് വച്ച് ഉപയോഗിക്കാനായി 500 ലിറ്ററിന്റെ പി.വി.സി വാട്ടർ ടാങ്ക് വാങ്ങി നൽകാനുള്ളതാണ് ഈ പദ്ധതി. തോട്ടത്തിൽ എന്റർപ്രൈസ് ചെർക്കള 1.2.2019 ന് സമർപ്പിച്ച ടെണ്ടർ - വാട്ടർ ടാങ്ക് ഒന്നിന് 2800/- രൂപ എന്നത് ഭരണസമിതി തീരുമാനം നം.2(2)/8.2.2019 പ്രകാരം അംഗീകരിക്കുകയും 23.2.2019 ന് കത്ത് നം.എ2/698/2019 പ്രകാരം സപ്ലൈ ഓർഡർ നൽകുകയും ചെയ്തു. ആകെ 89 വാട്ടർ ടാങ്കുകൾക്കാണ് ഓർഡർ നൽകിയിരിക്കുന്നത്. തോട്ടത്തിൽ എന്റർപ്രൈസ് ചെർക്കള ബിൽ നം.071/16.3.2019 പ്രകാരം 51 വാട്ടർ ടാങ്കുകളും (51x2800=1,42,800/- രൂപ)ബിൽ നം.075/22.3.2019 പ്രകാരം 38 വാട്ടർ ടാങ്കുകളും(38x2800=1,06,400/-രൂപ) വിതരണം ചെയ്തിട്ടുണ്ട്. 2800/- രൂപയിൽ 2100/- രൂപ സബ്സിഡിയും(75%) 700/- രൂപ ഗുണഭോക്തൃ വിഹിതവുമാണ് (25%). 89 വാട്ടർ ടാങ്കുകൾക്ക് 2800/- രൂപ പ്രകാരം ആകെ 2,36,600/- രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ബിൽ നം.08/18-19/16.3.2019 പ്രകാരം 1,07,100/- രൂപയും ചെക്ക് നം.7441/19.3.2019 പ്രകാരം 35,700/- രൂപയും(ഗുണഭോക്തൃ വിഹിതം) ചേർത്ത് ആകെ 1,42,800/- രൂപയും, ബിൽ നം.011/18-19/22.3.2019 പ്രകാരം 79,800/- രൂപയും ചെക്ക് നം.7449/28.3.2019 പ്രകാരം 14,000/- രൂപയും(ഗുണഭോക്തൃ വിഹിതം) ചേർത്ത് ആകെ 93,800/- രൂപയും തോട്ടത്തിൽ എന്റർപ്രൈസ് ചെർക്കളയുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. അക്കൗണ്ട് നം.42043070001694.

ഈ പദ്ധതി നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന കാര്യങ്ങൾക്ക് വിശദീകരണം നൽകേണ്ടതാണ്.

1.പട്ടികജാതി വിഭാഗങ്ങൾക്ക് വേണ്ടിയുള്ള ഈ പദ്ധതി പ്രകാരം വാട്ടർ ടാങ്ക് നൽകിയ 89 ഗുണഭോക്താക്കളുടെയും ജാതി സർട്ടിഫിക്കറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2.തോട്ടത്തിൽ എന്റർപ്രൈസ് ചെർക്കള സമർപ്പിച്ച ടെണ്ടറിൽ 20 വർഷം വാറണ്ടി നൽകുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പക്ഷെ കരാറിൽ ഈ വ്യവസ്ഥ ഉൾക്കൊള്ളിച്ചിട്ടില്ല.

3.ഗുണഭോക്തൃ വിഹിതം കണക്കാക്കുന്നതിൽ അപാകത വന്നതിനാൽ മുഴുവൻ തുകയും സ്ഥാപനത്തിന് നൽകാൻ കഴിഞ്ഞിട്ടില്ല. 12,600/- രൂപ നൽകാൻ ബാക്കിയുള്ളത് 2019-20 വർഷത്തിൽ നൽകിയിട്ടുണ്ട്. വിശദീകരണം നൽകേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.05/14.2.2020 പ്രകാരം മേൽ അപാകതകൾക്ക് വിശദീകരണം ചോദിച്ചതിന് 14.2.2020 ന് മറുപടി നൽകിയിട്ടുണ്ട്. ഗുണഭോക്തൃ വിഹിതം കണക്കാക്കിയതിൽ അപാകത വന്നത് പിന്നീട് കണ്ടെത്തി പരിഹരിച്ചിട്ടുണ്ടെന്നും, വാറണ്ടി സംബന്ധിച്ച കാര്യം കരാറിൽ ഉൾപ്പെടുത്തി കരാർ പുതുക്കുമെന്നും, 89 ഗുണഭോക്താക്കളുടെയും ജാതി സർട്ടിഫിക്കറ്റ് പരിശോധനക്ക് ഹാജരാക്കുമെന്നുമാണ് മറുപടി നൽകിയിരിക്കുന്നത്. അപാകത പരിഹരിക്കുന്നതുവരെ ചെലവ് തുക 1,86,900/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

# 1-18 പഞ്ചായത്തിലേക്ക് വാഹനം വാടകയ്ക്ക്എടുത്തതിൽ അപാകത

പഞ്ചായത്തിലെ KL 14 D 9107 നമ്പർ വാഹനം കാലപ്പഴക്കം വന്നതിനാൽ റിപ്പെയർ ചെയ്ത് ഉപയോഗിക്കുന്നത് ധന നഷ്ടത്തിന് ഇടയാക്കുമെന്നതിനാൽ ( As per the UN ECONOMY CERTIFICATE NO. D B .105/18-19-1 (UE)9107 date 28/07/2018 from the PWD Mechanical Division Assistant Exicutive Engineer Kozhikkode) ഭരണസമിതിയുടെ 10.01.2018 ലെ 10/01-ാം നമ്പർ തീരുമാന പ്രകാരം, വാഹനം ലേലം ചെയ്യാൻ തീരുമാനിച്ചതിനെ തുടർന്ന് KL 14 Q 1388 നമ്പർ വാഹനം, കരാർ അടിസ്ഥാനത്തിൽ ശ്രീമതി. സരോജ W/O ശിവണ്ണ ആചാരി എന്നവരിൽ നിന്നും വാടകയ്ക്ക് എടുത്തിട്ടുണ്ട്. ക്വട്ടേഷൻ പ്രകാരം ,പ്രതിമാസം 15,000/ രൂപ നിരക്കിലാണ് വാടക നിശ്ചയിച്ചത്. 2018-19 സാമ്പത്തീക വർഷത്തിൽ ആകെ 1,81,000 രൂപ വാഹന ഉടമയ്ക്ക് വാഹന വാടക ഇനത്തിൽ നൽകിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു. 03/09/2012 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 2493/2012 തസ്വഭവ പ്രകാരം സ്വന്തമായി വാഹനമില്ലാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വാഹനം വാടകയ്ക്ക് എടുത്ത് ഉപയോഗിക്കുന്നതിന് തനതു ഫണ്ടിൽ നിന്നും സാമ്പത്തീക വർഷം 75,000 രൂപ വരെ ചെലവഴിക്കാവുന്നതാണ്. എന്നാൽ പഞ്ചായത്ത് 2018-19 സാമ്പത്തീക വർഷത്തിൽ ആകെ 1,81,000 രൂപ വാഹന വാടക ഇനത്തിൻ ചെലവഴിച്ചിട്ടുണ്ട്. ഉത്തരവിൽ നിന്നും വ്യതിചലിച്ച് 1,06,000 (1,81,000-75,000=1,06,000) രൂപ അധികമായി ചെലവഴിച്ചിട്ടുണ്ട്. അധികമായി ചെലവഴിച്ച 1,06,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നമ്പർ 03/2018-19 തിയ്യതി 13.02.2020 )

| ക്രമ നമ്പർ | ചെക്ക് നമ്പർ/തിയ്യതി | വാഹന വാടക |
|---|---|---|
| 1 | 9893/05.04.2018 | 16000രൂപ |
| 2 | 6092/08.05.2018 | 15000 രൂപ |
| 3 | 6230/08.06.2018 | 15000 രൂപ |
| 4 | 6522/06.07.2018 | 15000 രൂപ |
| 5 | 6669/03.08.2018 | 15000 രൂപ |
| 6 | 6867/04.09.2018 | 15000 രൂപ |
| 7 | 5673/10.10.2018 | 15000 രൂപ |
| 8 | 5840/09.11.2018 | 15000 രൂപ |
| | | |

| | | |
|---|---|---|
| 9 | 7083/07.12.2018 | 15000 രൂപ |
| 10 | 7321/06.01.2019 | 15000 രൂപ |
| 11 | 7346/07.02.2019 | 15000 രൂപ |
| 12 | 7431/07.03.2019 | 15000 രൂപ |
| **ആകെ** | | **1,81,000 രൂപ** |

# 1-19 തെരുവ് വിളക്കുകളുടെ പരിപാലനം -അപാകതകൾ

തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ ഗ്രാമ പഞ്ചായത്ത് 2018-19 വർഷത്തിൽ ആകെ 3,41,669 രൂപ കെ.എസ്.ഇ.ബി . യിൽ അടച്ചിട്ടുണ്ട് .എന്നാൽ കെ.എസ്.ഇ.ബി.യും ഗ്രാമ പഞ്ചായത്തും നാളിതുവരേയും സംയുക്തമായി പരിശോധന നടത്തി കത്തുന്ന തെരുവ് വിളക്കുകൾ എത്രയുണ്ടെന്നും അവയുടെ തരം ഏതെല്ലാമാണെന്നും നിർണ്ണയിച്ചിട്ടില്ല.കത്താത്ത തെരുവ് വിളക്കുകൾക്ക് കൂടി വൈദ്യുത ചാർജ്ജ് ഒടുക്കേണ്ടി വരുന്ന അവസ്ഥ ഇത് കാരണം പഞ്ചായത്തിൽ നില നിൽക്കുന്നു. സംയുക്ത പരിശോധന നടത്തി കത്തുന്ന തെരുവ് വിളക്കുകൾ എത്രയുണ്ട് എന്നതിൽ പഞ്ചായത്ത് വ്യക്തത വരുത്തേണ്ടതാണ്.

തെരുവ് വിളക്കുകൾ സംബന്ധിച്ച രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല . തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തി, തെരുവ് വിളക്കുകൾ നിലവിൽ ഏതൊക്കെ സ്ഥലങ്ങളിലാണ് സ്ഥാപിച്ചിട്ടുള്ളത് , എപ്പോൾ സ്ഥാപിച്ചു, കേടായ തെരുവ് വിളക്കുകളുടെ എണ്ണം, പുതിയ തെരുവ് വിളക്കുകൾ മാറ്റി സ്ഥാപിച്ചവ എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.കൂടാതെ തെരുവ് വിളക്കുകൾ സംബന്ധിച്ച പരാതി രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്.

# 1-20 കാർഷിക മേഖലയിൽ പദ്ധതി രൂപീകരണത്തിലെ പോരായ്മകൾ

ഗ്രാമ പഞ്ചായത്തിൽ കാർഷിക മേഖലയിൽ കാർഷിക ഉൽപ്പന്നങ്ങളുടെ വിപണന സൗകര്യങ്ങൾ, അഗ്രോ സർവ്വീസ് സെന്റർ, കാർഷിക ഔഷധ സസ്യ നഴ്സറി, ജല സ്രോതസ്സുകളുടെ സംരക്ഷണം, മണ്ണിര കമ്പോസ്റ്റ് നിർമ്മാണ യൂണിറ്റ്, എന്നീ സൗകര്യങ്ങൾ സജ്ജമാക്കുന്നതിനുള്ള പദ്ധതികൾ രൂപീകരിക്കേണ്ടതായിട്ടുണ്ട്. എന്നാൽ ഇത്തരം പദ്ധതികളൊന്നും ഗ്രാമ പഞ്ചായത്തിൽ ആവിഷ്കരിക്കപെട്ടിട്ടില്ല. ജനകീയാസൂത്രണം തുടങ്ങി വർഷങ്ങളായിട്ടും പരമ്പരാഗതമായി തുടരുന്ന തൈകൾ,നടീൽ വസ്തുക്കൾ എന്നിവ വിതരണം ചെയ്യുന്ന പദ്ധതികൾ, കൂലി ചെലവ് നല്കുന്നപദ്ധതികൾ എന്നിവ മാത്രമാണ് ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുള്ളത്. ഇത് മൂലം കാർഷിക മേഖലയുടെ സമഗ്രവികസനം സാധ്യമാകുന്നില്ല. കാർഷിക മേഖലയുടെ സമഗ്ര വികസനത്തിനായി വിത്ത്, വളം, കീടനാശിനി, ജല സ്രോതസ്സുകളുടെ സംരക്ഷണം, മണ്ണിര കമ്പോസ്റ്റ് നിർമ്മാണ യൂണിറ്റ്, തുടങ്ങിയ വൈവിദ്യമാർന്ന പദ്ധതികൾക്ക് പ്രാധാന്യം നല്കി ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-21 പദ്ധതികളുടെ മോണിറ്ററിങ് നടത്തിയിട്ടില്ല

2018-19 വർഷത്തിൽ കൃഷി ഓഫീസർ 13 പദ്ധതികൾ നിർവ്വഹണം നടത്തിയിട്ടുണ്ട്. പദ്ധതി നടത്തിപ്പ് സംബന്ധിച്ച് കൃത്യമായ മോണിറ്ററിങ്ങ് നടത്തിയത് സംബന്ധിച്ച രേഖകൾ നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയിട്ടില്ല.പ്രോജക്ട് നിർവഹണം പൂർത്തിയാകുമ്പോൾ നിർവഹണോദ്യോഗസ്ഥൻ ഒരു പൂർത്തീകരണ സാക്ഷ്യപത്രം തയ്യാറാക്കേണ്ടതും ഇതിൽ പ്രോജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ് (2018-19 പദ്ധതി മാർഗരേഖ ഖണ്ഡിക 14.6, 14.7, 14.8 എന്നിവ കാണുക). കൃത്യമായ മോണിറ്ററിംഗ് നടക്കുന്നുണ്ട് എന്ന് ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ്.

# 1-22 മരാമത്ത് പ്രവൃത്തി -കരാർ ചമക്കുന്നതിൽ കാലതാമസം -പിഴ ഈടാക്കിയിട്ടില്ല

കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 ക്ലോസ് അനുസരിച്ച് സെലക്ഷൻ നോട്ടീസിന്റെ തിയതി മുതൽ 14 ദിവസങ്ങൾക്കുള്ളിൽ പ്രവൃത്തി ലഭിച്ച കരാറുകരാൻ കരാർ ഉടമ്പടി ചമച്ചിരിക്കേണ്ടതാണ്. തുടർന്നുള്ള 10 ദിവസങ്ങളിൽ കരാർ തുകയുടെ 1% പിഴ ഈടാക്കിക്കൊണ്ട് കരാർ ചമക്കാൻ അനുവദിക്കാവുന്നതാണ്. എന്നാൽ ഈ 10 ദിവസങ്ങളിലും കരാറുകാരൻ കരാർ ഉടമ്പടി ചമക്കുന്നില്ലെങ്കിൽ ഈ ബിഡ് തള്ളി പ്രവൃത്തി നിർവഹണത്തിന് ടെണ്ടറിംഗ് അധികാരിക്ക് തുടർന്നുള്ള ചെറിയ തുക ക്വാട്ട് ചെയ്ത ബിഡ്ഡറുമായി നെഗോസിയേഷൻ നടത്താവുന്നതോ റീ ടെണ്ടർ ചെയ്യാവുന്നതോ ആണ്. എന്നാൽ ചുവടെ ചേർത്ത പ്രവൃത്തിയിൽ സെലക്ഷൻ നോട്ടീസ് ലഭിച്ച് നിശ്ചിത സമയത്തിനുള്ളിൽ കരാർ വയ്ക്കാത്തതായും ബിഡ് തള്ളുന്നതുൾപ്പെടെയുള്ള ശിക്ഷാ നടപടികൾ എടുക്കാതെ വൈകി കരാർ ചമച്ചതായും വൈകി കരാർ വച്ചതിന് മാന്വലിൽ അനുശാസിക്കുന്ന പിഴ ഈടാക്കാത്തതായും കാണുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെപേര്, കരാർതുക, കരാറുകാരൻ | സെലക്ഷൻ നോട്ടീസിന്റെ തിയതി | പിഴകൂടാതെ കരാർ ചമക്കാമായി രുന്ന തിയതി | 1% പിഴയോടു കൂടി കരാർ ചമക്കാമായിരുന്ന തിയതി | കരാർ ചമച്ച തിയതി | പിഴ ഈടാക്കാത്തതിനാലുള്ള നഷ്ടം |
|---|---|---|---|---|---|---|
| 1 | റംബായിമൂലെ-ചേരൽ റോഡ് ടാറിംഗ്<br>4,00,000/-<br>ടി.ഡി.ഉമ്മർ<br>ടി.ഡി.ഹൗസ് ,ചട്ടഞ്ചാൽ, തെക്കിൽ ഫെറി,കാസർഗോഡ് | 14.09.18 | 27.9.18 | 7.10.18 | 20.11.18 | 4000 |
| 2 | ഗോളിക്കട്ടെ കയർമൂലേ കട്ടൂർബോള ഗ്ഗഡ്ഡെ റോഡ് പുനരുദ്ധാരണം<br>1,82,050/-<br>അഞ്ഞുന്നി ഹാജി പിഡബ്ല്യുഡി കോൺട്രാക്ടർ. ബി.എം ഹൗസ്,അമ്മേരി | 20.07.18 | 02.08.18 | 11.08.18 | 28.01.19 | 1821/- |
| 3 | ദേര പട് ലകോടി ബെടഗ്ഗഡ്ഡെ റോഡ് ടാറിംഗ്<br>2,50,000/-<br>അഞ്ഞുന്നി ഹാജി പിഡബ്ല്യുഡി കോൺട്രാക്ടർ. | 15.07.18 | 28.07.18 | 7.08.18 | 28.01.19 | 2500/- |
| 4 | ചേരൽ പീളത്തടക്ക ബാംഗളെ റോഡ് ടാറിംഗ്<br>4,00,000/-<br>ടി.ഡി.ഉമ്മർ, ടി.ഡി.ഹൗസ് ,ചട്ടഞ്ചാൽ, തെക്കിൽ ഫെറി,കാസർഗോഡ് | 17.09.18 | 30.09.18 | 10.10.2018 | 20.11.18 | 4000 |
|  | കംബാർ പാഞ്ചികോടി |  |  |  |  |  |

| | | | | | | |
|---|---|---|---|---|---|---|
| | റോഡ് പുനരുദ്ധാരണം<br>2,50,000/-<br>അബ്ദുൾ റഹ്മാൻ പിഡബ്ല്യുഡി കോൺട്രാക്ടർ | 15.09.18 | 28.09.18 | 08.10.18 | 29.12.18 | 2,500/- |
| 6 | ബീദുബായിൽ കൊല്ലാറഗുലി റോഡ് ടാറിംഗ്<br>2,50,000/-, ഹമീദ്<br>പിഡബ്ല്യുഡി കോൺട്രാക്ടർ,ധർമ്മത്തടുക്ക | 15.09.18 | 28.09.18 | 08.10.18 | 29.12.18 | 2500/- |
| 7 | താജിപ്പ-അമ്മേരി ധോമാവതി റോഡ് പുനരുദ്ധാരണം<br>196,000/-,<br>അഞ്ഞുന്നി ഹാജി<br>പിഡബ്ല്യുഡി കോൺട്രാക്ടർ | 15.09.18 | 28.09.18 | 08.10.18 | 28.01.19 | 1960/- |
| 8 | കണിയാളത്തട്ക്ക-കൊച്ചി കരുവാജേറോഡ് ടാറിംഗ്<br>1,95,000/-, ഹമീദ്, ധർമ്മത്തടുക്ക ,ബാഡൂർ | 14.07.18 | 27.07.18 | 06.08.18 | 29.12.18 | 1950/- |
| 9 | പഞ്ചിപ്പള്ള സോന്തി<br>റോഡ് ടാറിംഗ്<br>300000/-അഞ്ഞുന്നി ഹാജി<br>പി.ഡബ്ല്യു.ഡി കോൺട്രാക്ടർ | 10.01.18 | 24.01.18 | 03.02.18 | 05.03.18 | 3000/- |
| 10 | മാനിപ്പാടി-എസ്.ടി.കോളനി ഫുട്പാത് കോൺക്രീറ്റ്<br>290,000/-, മുഹമ്മദലി,പി.ഡബ്ല്യു.ഡി<br>കോൺട്രാക്ടർ | 15.12.17 | 29.12.17 | 08.01.18 | 01.02.18 | 2900/- |
| 11 | ചേരൽ ശങ്കരമൂലെറോഡ് ടാറിംഗ്<br>2,00,000/-, എസ്.അബ്ദുള്ള<br>പി.ഡബ്ല്യു.ഡി കോൺട്രാക്ടർ | 15.09.18 | 29.09.18 | 09.10.2018 | 30.11.2018 | 2,000/- |
| 12 | കൊമ്മങ്ങള ചാകാറ്റമൂലേ ബെദ്രോടി താജിപ്പ റോഡ് പുനരുദ്ധാരണം<br>2,50,000/-, എസ്.അബ്ദുള്ള<br>PWD കോൺട്രാക്ടർ, ചിപ്പാർ | 10.07.18 | 24.07.18 | 03.08.18 | 30.11.18 | 2,500 |
| 13 | ബംഗ്ലേ കരുവാജേറോഡ് പുനരുദ്ധാരണം<br>200,000/-,<br>ഹമീദ്,ധർമ്മത്തടുക്ക ,ബാഡൂർ പി.ഡബ്ല്യു.ഡി കോൺട്രാക്ടർ | 06.08.18 | 20.08.18 | 30.08.18 | 30.11.18 | 2000/- |
| 14 | ഗോലികട്ടെ മുതൽ കരുവോള് റോഡ് റീ ടാറിംഗ്<br>3,50,000/-<br>അഞ്ഞുന്നി ഹാജി<br>പിഡബ്ല്യുഡി കോൺട്രാക്ടർ. | 12.12.18 | 26.12.18 | 05.01.19 | 28.01.19 | 3500/- |

| | | | | | | |
|---|---|---|---|---|---|---|
| 15 | ചെവർ വിഷ്ണമൂർത്തി ടെംപിൾ റോഡ് പുനരുദ്ധാരണം<br>2,00,000/-<br>അബ്ദുൾറഹിമാൻ,പിഡബ്ല്യഡി കോൺട്രാക്ടർ.അംഗടിമൊഗർ | 15.09.18 | 29.09.18 | 09.10.18 | 29.12.18 | 2000/- |
| 16 | ബോളകട്ടെ ബില്വാരമൂലെ റോഡ്ടാറിംഗ്<br>2,45,000/-<br>എസ്.അബ്ദുള്ള, പി.ഡബ്ല്യു.ഡികോൺട്രാക്ടർ,ചിപ്പാർ | 15.09.18 | 29.09.18 | 09.10.18 | 30.11.18 | 2450/- |
| | **ആകെ** | | | | | **41581/-** |

മേൽ അപാകതകൾക്കുള്ള വിശദീകരണങ്ങൾ നൽകാൻ ഓഡിറ്റ് എൻക്വയറി നം- 06തീയ്യതി 14-02-2020 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും ആയതിന് മറുപടി നൽകിയിട്ടില്ല. ആയതിനാൽ ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള നഷ്ടം ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്. കാരാറുകാരിൽ നിന്നും ഈടാക്കുവാൻ സാധിക്കാത്ത പക്ഷം ഉത്തരവാദപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതാണ്. കൂടാതെ ഇത്തരം അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ മേൽ വിഷയത്തിൽ പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾ കർശനമായും പാലിക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. (ഈ പരാമർശം ഈ ഓഡിറ്റ് റിപ്പോർട്ടിലെ ഭാഗം 3ൽ ഉൾപ്പെടുത്തിയിട്ടുണ്ട്)

# 1-23 വയോജനങ്ങൾക്ക് പകൽ വീട് -പദ്ധതി യാഥാർത്ഥ്യമാക്കണം

2018-19 സാമ്പത്തിക വർഷത്തിൽ പൈവളിക ഗ്രാമ പഞ്ചായത്തിൽ പഞ്ചായത്തോഫീസിന് സമീപത്തായി ഒരു വയോജന വിശ്രമകേന്ദ്രം 4,95,893/- രൂപ ചെലവഴിച്ച് നിർമ്മിച്ചിട്ടുണ്ട് (പ്രൊജക്റ്റ് നം.92/17-18-മുതിർന്ന പൗരൻമാർക്ക് പകൽ വീട്). കെട്ടിടത്തിന് വൈദ്യുതി, കുടിവെള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് ടീം 15.02.2020 ന് കെട്ടിടം സന്ദർശിക്കുകയുണ്ടായി. കെട്ടിടം അടച്ചിട്ടതായികാണാൻ കഴിഞ്ഞു. 24.02.2019ന് പകൽ വീടിന്റെ ഉദ്ഘാടനം നടത്തിയിട്ടുണ്ടെങ്കിലും ഇവിടെ വയോജന വിശ്രമകേന്ദ്രം പ്രവർത്തനമാരംഭിച്ചിട്ടില്ല. പകൽ വീട് എത്രയും വേഗത്തിൽ യാഥാത്ഥ്യമാക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# 1-24 ദേശീയതൊഴിലുറപ്പുപദ്ധതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്താതെ തൊഴിൽ രഹിത വേതനം നിലവിൽ നൽകി വരുന്നു.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 166, ഉപവകുപ്പ് 1, പട്ടിക 3, സി XV പ്രകാരം പഞ്ചായത്ത് പരിധിയിലെ ദരിദ്രരെ കണ്ടെത്തി സ്വയം തൊഴിലും, ഗ്രൂപ്പ് എംപ്ലോയ്മെന്റ് പദ്ധതികളും നടപ്പാക്കേണ്ടത് ഗ്രാമപഞ്ചായത്തുകളുടെ മേഖലാപരമായ ചുമതലയാണ്. മേൽ നിയമത്തിലെ ചുമതലകൾ ഗ്രാമപഞ്ചായത്തുകൾക്ക് നടപ്പാക്കുവാൻ സഹായിക്കും വിധത്തിലാണ് കേന്ദ്ര സർക്കാർ 2005 മുതൽ രാജ്യത്തെ ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കുവാൻ സന്നദ്ധരായ അസംഘടിത അവിദഗ്ധ തൊഴിലാളികളുള്ള കുടുംബങ്ങൾക്ക് തൊഴിൽ നൽകാനുള്ള ബാദ്ധ്യത സർക്കാർ സ്വയം ഏറ്റെടുത്ത് മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ദേശീയ തൊഴിലുറപ്പ് പദ്ധതിയിലൂടെ ഗ്രാമപഞ്ചായത്തിൽ സ്ഥിരമായി താമസിക്കുന്നതും, 18 വയസ്സ് തികഞ്ഞ കായികാധ്വാനം ചെയ്യാൻ തയ്യാറുള്ള ആർക്കും തൊഴിലിനായി രജിസ്റ്റർ ചെയ്യാം. തൊഴിലുറപ്പ് പദ്ധതിയിലൂടെ അസംഘടിത,

അവിദഗ്ധ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പും നൽകുന്നുമുണ്ട് (നിലവിൽ പ്രതിദിനം 258/- രൂപ). ഇതു വഴി ഗ്രാമപഞ്ചായത്തുകളിലെ മുഴുവൻ തൊഴിൽ രഹിതർക്കും, അവിദഗദ്ധ തൊഴിലാളികൾക്കും തൊഴിൽ നൽകാൻ സാധിക്കും. എന്നാൽ ഗ്രാമപഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യുകയോ, തൊഴിലിനായി അപേക്ഷിക്കുകയോ ചെയ്യാതെ കേരള സർക്കാരിന്റെ തൊഴിൽ രഹിത വേതന പദ്ധതി പ്രകാരം പ്രതിമാസം 120/- രൂപ നിരക്കിൽ വേതനം കൈപ്പറ്റുന്ന 12 ഗുണഭോക്താക്കൾ നിലവിൽ ഉണ്ട്.

13.12.2009 ലെ (പി)169/2009/തൊഴിൽ നമ്പർ ഉത്തരവിലൂടെ (1998 ലെ കേരള തൊഴിൽരഹിത വേതന പദ്ധതി ചട്ടങ്ങളുടെ ഭേദഗതി ഉത്തരവ്) എം.ജി.എൻ.ആർ.ഇ.ജി.എസ്. പ്രകാരമുള്ള തൊഴിൽ ലഭിക്കുന്ന വ്യക്തിയുടെ വ്യക്തിഗത കുടുംബവരുമാനം പരിധിയിലധികമായാൽ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ വേതനം നിർത്തൽ ചെയ്യേണ്ടതും വിവരം ബന്ധപ്പെട്ട എംപ്ലോയ്മെന്റ് ഓഫീസറെ അറിയിക്കേണ്ടതുമാണ്. എന്നാൽ 1998 ലെ കേരള തൊഴിൽ രഹിത വേതന പദ്ധതി ചട്ടങ്ങളുടെ അനുബന്ധ ഫോറത്തിൽ (നം.1) പ്രതിമാസം 100/- രൂപയിൽ കൂടുതൽ വരുമാനം ലഭിക്കുന്ന അന്നു മുതൽ തൊഴിൽ രഹിത വേതനം കൈപ്പറ്റുന്നതല്ല എന്ന സത്യ പ്രസ്താവനയോടെ (ക്രമ നം.6) അപേക്ഷ സമർപ്പിക്കുന്ന ഗുണഭോക്താക്കൾ തൊഴിൽ ലഭിക്കുവാനുള്ള അവസരവും, സാഹചര്യവും പഞ്ചായത്തിൽ ഒരുക്കിയിട്ടും ആയത് പ്രയോജനപ്പെടുത്താതെയാണ് തൊഴിൽ രഹിത വേതനം കൈപ്പറ്റുന്നത്. ഓഡിറ്റ് വർഷങ്ങളിൽ തൊഴിൽ രഹിത വേതനം വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| 2018-19 | 12 | 22,440 |

പഞ്ചായത്ത് പരിധിയിൽ തൊഴിൽ രഹിതരായവർക്ക് തൊഴിൽ ലഭ്യമാക്കേണ്ടത് ഗ്രാമപഞ്ചായത്തിന്റെ കടമയായതിനാൽ പ്രസ്തുത ഗുണഭോക്താക്കളെ ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യിച്ച് തൊഴിൽ നൽകേണ്ടതും, തൊഴിൽ രഹിത വേതനം ലഭ്യമാക്കുന്നത് നിരുൽസാഹപ്പെടുത്തേണ്ടതുമാണ്. മേൽ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-25 പ്രസിഡന്റിന്റെ ദുരിതാശ്വാസനിധി സംവിധാനം പ്രവർത്തനക്ഷമമല്ല.

കേരളാ പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും, വിനിയോഗവും) ചട്ടങ്ങൾ 2003.

2003ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം ഗ്രാമ പഞ്ചായത്തുകളിൽ പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധിരൂപീകരിക്കേണ്ടതാണ്. 2012-13 വർഷത്തിൽ പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി രൂപീകരിക്കുകയും പൈവളികെ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ ഇതിനായ് ഒരു അക്കൗണ്ട് ആരംഭിക്കുകയും ചെയ്തിട്ടുണ്ട് - അക്കൗണ്ട് നം. 5373. ഈ അക്കൗണ്ടിൽ 31.3.2019 ൽ പലിശയടക്കം 5,783/-രൂപ നീക്കിയിരിപ്പുണ്ട്. 2012-13 വർഷത്തിൽ പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി രൂപീകരിച്ചുവെങ്കിലും നാളിതുവരെയായി ഈ ദുരിതാശ്വാസ നിധിയിൽനിന്നും ആർക്കും ധനസഹായം നൽകിയിട്ടില്ല. ആയതിനാൽ പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധിയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ് .

# 1-26 മരാമത്ത് പ്രവൃത്തി -അളവ് മൂല്യത്തിൽ ഉൾപ്പെട്ട ഇനങ്ങൾ നിർവ്വഹണം ചെയ്യാതെ തുക അനുവദിച്ചു

**എ)** കോപ്പജെ അങ്കണവാടി കുടിവെള്ള പദ്ധതിയ്ക്കായി 2018-19 വർഷം പ്രൊ.നം 238/18-19 പ്രകാരം 1.74 ലക്ഷം രൂപ വകയിരുത്തുകയും, കുഴൽകിണർ നിർമ്മിച്ച്, ടാങ്ക് സ്ഥാപിച്ചതിന് ഓഡിറ്റ് വർഷം 1,27,700 രൂപ കരാറുകാരൻ ഹമീദിന് നൽകിയിട്ടുണ്ട്. (ട്രഷറി ബിൽ നം.51/18-19 തി.29.8.2018 &

എം.ബുക്ക്.നം. 282/18-19)). പദ്ധതിയുടെ വിശദാംശങ്ങൾ അടങ്ങിയ നെയിംബോർഡ് സ്ഥാപിക്കുന്നതിനുള്ള ചെലവ് 3,500/- രൂപ ഉൾപ്പടെയുള്ള തുകയാണ് ആകെ അളവ് മൂല്യം കണക്കാക്കി കരാറുകാരന് മേൽപ്രകാരം നൽകിയത്. എന്നാൽ ഓഡിറ്റിന്റെ ഭാഗമായി എൽ.എസ്.ജി.ഡി അധികൃതരുടെ സാന്നിധ്യത്തിൽ ഓഡിറ്റ് ടീം 13.02.2020 ന് സ്ഥലപരിശോധന നടത്തിയതിൽ പദ്ധതിയുടെ വിശദാംശങ്ങൾ അടങ്ങിയ നെയിംബോർഡ് നാളിതുവരെ സ്ഥാപിച്ചിട്ടില്ലാത്തതായി കാണുകയുണ്ടായി. ചെയ്യാത്ത പ്രസ്തുത ഇനം ഉൾപ്പെടെ കണക്കാക്കി കരാറുകാരന് തുക നല്കിയതുമൂലം പഞ്ചായത്ത് ഫണ്ടിന് നേരിട്ട നഷ്ടം 3,500/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. പ്രസ്തുത തുക ഉത്തരവാദപ്പെട്ടവരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ബി)** ലാൽ ബാഗ് അങ്കണവാടി പുനരുദ്ധാരണത്തിന്റെ ഭാഗമായി 2018-19 വർഷം പ്രൊ.നം 232/18-19 പ്രകാരം 2.50 ലക്ഷം രൂപ വകയിരുത്തുകയും , ഇതുപ്രകാരമുള്ള വിവിധ പ്രവൃത്തികൾക്കായി ഓഡിറ്റ് വർഷം 2,14,327/- രൂപ ആകെ അളവ് മൂല്യം കണക്കാക്കി കരാറുകാരൻ അഞ്ഞുഞ്ഞിഹാജിക്ക് നൽകിയിട്ടുണ്ട്. (ട്രഷറി ബിൽ നം.76/18-19 തി.20.03.2019). ഇതുപ്രകാരം കെട്ടിടത്തിന്റെ പെയിന്റിങ്ങിന് 10,000/- രൂപയും (എം.ബുക്ക്. 01/18-19 പേജ് നം 44), providing and fixing white vitreous water closet squatting pan എന്നയിനത്തിന് 1428/- രൂപയും (എം.ബുക്ക്.01/18-19 പേജ് നം 44) ഉൾപ്പെടുത്തിയാണ് കരാറുകാരന് തുക അനുവദിച്ചിട്ടുള്ളതെങ്കിലും, ഓഡിറ്റിന്റെ ഭാഗമായി എൽ.എസ്.ജി.ഡി അധികൃതരുടെ സാന്നിധ്യത്തിൽ ഓഡിറ്റ് ടീം 13.02.2020 ന് സ്ഥലപരിശോധന നടത്തിയതിൽ മേൽ രണ്ട് ഇനം പ്രവൃത്തികളും ചെയ്തിട്ടില്ലയെന്ന് കാണുകയുണ്ടായി . ചെയ്യാത്ത മേൽ ഇനങ്ങൾ ഉൾപ്പെടെ കണക്കാക്കി കരാറുകാരന് തുക നല്കിയതുമൂലം പഞ്ചായത്ത് ഫണ്ടിന് നേരിട്ട നഷ്ടം 11,428/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. പ്രസ്തുത തുക ഉത്തരവാദപ്പെട്ടവരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.08/തി.13.02.2020)
( ഈ പരാമർശം ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ ഭാഗം 3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട് )

## 1-27 അങ്കണവാടിക്ക് ഒന്നാം നില നിർമ്മിച്ചത് -സ്റ്റെയർ നിർമ്മിക്കാത്തതിനാൽ പ്രയോജന രഹിതം

ഗ്രാമ പഞ്ചായത്തിലെ പരമ്പല അങ്കണവാടി പുനരുദ്ധാരണത്തിന്റെ ഭാഗമായി 2018-19 വർഷം പ്രൊ.നം 234/18-19 പ്രകാരം 3 ലക്ഷം രൂപ വകയിരുത്തുകയും , അങ്കണ വാടിയുടെ ഒന്നാം നിലയിൽ, ചുമർ നിർമ്മിച്ച് ഷീറ്റ് ഇടുകയും തറ ടൈൽസ് പാകുകയും ചെയ്തതിന് ഓഡിറ്റ് വർഷം ആകെ 2,84,,463 രൂപ കരാറുകാരൻ മുഹമ്മദ് അലിക്ക് നൽകിയിട്ടുണ്ട്.(ട്രഷറി ബിൽ നം.41/18-19 തി.10.8.2018 ₹ 2,00,000/- & 52/28.8.2018 ₹84,463/-). ഓഡിറ്റിന്റെ ഭാഗമായി എൽ.എസ്.ജി.ഡി അധികൃതരുടെ സാനിധ്യത്തിൽ ഓഡിറ്റ് ടീം 13.02.2020 ന് സ്ഥലപരിശോധന നടത്തിയതിൽ പ്രസ്തുത കെട്ടിടത്തിന് ഒന്നാം നിലയിലേയ്ക്ക് പ്രവേശിക്കുന്നതിന് കോവണി നിർമ്മിക്കാത്തതായി കാണുകയുണ്ടായി. ഇതുമൂലം 2.84 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച ഒന്നാം നില ഇതുവരെയും പ്രയോജനപ്പെടുത്താൻ സാധിച്ചിട്ടില്ല . എസ്റ്റിമേറ്റിൽ സ്റ്റെയർ നിർമ്മിക്കുന്നതിനുള്ള തുക ഉൾപ്പെടുത്താത്തതിനാലാണ് ഇത്തരം സാഹചര്യം ഉണ്ടായത് .ഇത് എൽ.എസ്.ജി.ഡി എഞ്ചിനിയറിങ്ങ് വിഭാഗത്തിന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. മേൽ

കെട്ടിടത്തിന്റെ ഒന്നാം നിലയിലേയ്ക്ക് സ്റ്റെയർ നിർമ്മിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.ഇക്കാര്യം ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നം.08/തി.13.02.2020)

# 1-28 വൈദ്യുതി കണക്ഷൻ ലഭിക്കാത്തതിനാൽ പ്രവർത്തനമാരംഭിക്കാത്ത പദ്ധതികൾ

ഗ്രാമ പഞ്ചായത്തിൽ 2018-19 വർഷം നിർവ്വഹണം പൂർത്തിയാക്കിയ വിവിധ പദ്ധതികൾ വൈദ്യുത കണക്ഷൻ ലഭ്യമാകാത്തതിനാൽ നാളിതുവരെ പ്രവർത്തനക്ഷമമാക്കുവാൻ അധികൃതർക്ക് സാധിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു. പ്രസ്തുത പ്രവൃത്തികൾക്ക് എത്രയും വേഗം വൈദ്യുത കണക്ഷൻ ലഭ്യമാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ച് പുരോഗതി ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

| ക്രമ നം | പ്രൊ.നം.,പേര് | 2018-19 ൽ ചെലവഴിച്ച തുക |
|---|---|---|
| 1 | പ്രൊ.നം 179/18-19- അമ്മുവൽ എസ്.സി കോളനി കുടിവെള്ള പദ്ധതി | 1,43,178/- |
| 2 | പ്രൊ.നം 180/18-19- കക്കവേ, മീത്തടുക്ക, എസ്.സി കോളനി കമ്യൂണിറ്റി ഹാൾ വൈദ്യുതീകരണം | 1,37,352/- |
| 3 | പ്രൊ.നം 182/18-19- പ്ലാസ്റ്റിക്ക് റീസൈക്ലിങ്ങ് പ്ലാന്റ് | 1,30,664/- |

# 1-29 കയ്യാർ അങ്കണവാടി പുനരുദ്ധാരണം -കെട്ടിടത്തിന്റെ ചുമർ അപകടാവസ്ഥയിൽ

കയ്യാർ അങ്കണവാടി പുനരുദ്ധാരണത്തിന്റെ ഭാഗമായി 2018-19 വർഷം പ്രൊ.നം 237/18-19 പ്രകാരം 3.50 ലക്ഷം രൂപ വകയിരുത്തുകയും, ഇതുപ്രകാരം ഓഡിറ്റ് വർഷം ആകെ 3,09,656 രൂപ കരാറുകാരൻ അബ്ദുള്ളയ്ക്ക് നൽകിയിട്ടുമുണ്ട്.(ട്രഷറി ബിൽ നം.55/18-19 തി.29.8.2018). ഓഡിറ്റിന്റെ ഭാഗമായി എൽ.എസ്.ജി.ഡി അധികൃതരുടെ സാനിധ്യത്തിൽ ഓഡിറ്റ് ടീം 13.02.2020 ന് സ്ഥലപരിശോധന നടത്തിയതിൽ പദ്ധതിപ്രകാരം നിർമ്മിച്ച കെട്ടിടത്തിന്റെ ചുമരിന് വിള്ളലുള്ളതായി കാണുവാൻ സാധിച്ചു. നിർമ്മാണപ്രവൃത്തിയിൽ വന്ന പാളിച്ചമൂലമാണ് ഇത്തരമൊരു സാഹചര്യമുണ്ടായത്. കെട്ടിടത്തിന്റെ ചുമരിനുണ്ടായ വിള്ളൽ കരാറുകാരന്റെ സ്വന്തം ഉത്തരവാദിത്വത്തിൽ പരിഹരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും , ആയത് പൂർത്തീകരിച്ച് കെട്ടിടം സുരക്ഷിതമാണെന്നുള്ള സാക്ഷ്യപത്രം എൽ.എസ്.ജി.ഡി എഞ്ചിനിയറിങ്ങ് വിഭാഗത്തിൽ നിന്നും ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നം.08/തി.13.02.2020)

# 1-30 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കേണ്ടതാണ്.

ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്രമീറ്റർ തറ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ എസ്.ആർ.ഓ.നമ്പർ 36/2011 പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്. ഈ നിരക്കുകൾ 2011ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വന്നതാണ്.പൈവളികെ ഗ്രാമപഞ്ചായത്തിന്റെ 17-12-2011ലെ തീരുമാനം നമ്പർ 108/11 പ്രകാരം മൊബൈൽ ടവറുകളുടെ വസ്തുനികുതി,

ചതുരശ്രമീറ്ററിന് 500/-രൂപയായി നിർണ്ണയിക്കുകയും, 2013-2014 സാമ്പത്തികവർഷം മുതൽ പുതുക്കിയ നിരക്കിൽ നികുതി ഈടാക്കുന്നതിന് തീരുമാനിക്കുകയുമുണ്ടായി. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച് വരുന്ന 4 മൊബൈൽ ടവറുകളിൽ നിന്നും 2018-19 വരെയുള്ള വർഷങ്ങളിൽ വസ്തുനികുതി പിരിച്ചെടുത്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ആയത് പിഴ പലിശ അടക്കം പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയതിന്റെ വിശദവിവരങ്ങൾ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം ഹാജരാക്കേണ്ടതുമാണ്. (17-02-2020 ന് നൽകിയ ഓഡിറ്റ് എൻക്വയറി നം. 10 ന് മറുപടി നൽകിയിട്ടുണ്ട്. )

| ക്രമ നമ്പർ | ഓപ്പറേറ്റർ/ ഉടമ/ നിർമ്മാതാവ്/ ലൈസൻസി | കെട്ടിട നമ്പർ | വിസ്തീർണ്ണം ( $m^2$) | വസ്തുനികുതി കുടിശ്ശികയുള്ള വർഷങ്ങൾ | വസ്തുനികുതി കുടിശ്ശിക (₹) |
|---|---|---|---|---|---|
| 1 | എസ്സാർ ടെലിക്കോം ഇൻഫ്രാസ്ട്രക്ച്ചർ എറണാകുളം | 495/F | 6 m2 | 2013-14 | 2,163 |
| | | | | 2014-15 | 2,835 |
| | | | | 2015-16 | 2,835 |
| | | | | 2016-17 | 2,835 |
| | | | | 2017-18 | 2,835 |
| | | | | 2018-19 | 2835 |
| 2 | ഇൻഫ്ര ടെൽ ടവർ ലിമിറ്റഡ്, ഇൻഡസ് ടവർ, കൊച്ചി | 518/A | 25m2 | 2013-14 | 14,438 |
| | | | | 2014-15 | 14,438 |
| | | | | 2015-16 | 14,438 |
| | | | | 2016-17 | 14,438 |
| | | | | 2017-18 | 14438 |
| | | | | 2018-19 | 14438 |
| 3 | എസ്.എസ്.ആർ ടെലികോം ഇൻഡസ്ട്രി പ്രൈവറ്റ് ലിമിറ്റഡ് എസ്സാർ ടെലികോം | 505/A | 5m2 | 2013-14 | 2,363 |
| | | | | 2014-15 | 2,363 |
| | | | | 2015-16 | 2,363 |
| | | | | 2016-17 | 2,363 |
| | | | | 2017-18 | 2363 |
| | | | | 2018-19 | 2363 |
| 4 | എം.എസ് റിലയൻസ് കമ്മ്യൂണിക്കേഷൻ ആർക്കേഡ് എസ്.സി റോഡ് | 353/A | | 2018-19 | 2263 |
| ആകെ | | | | | 1,19,407 |

# 1-31 ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ രേഖകൾ ഹാജരാക്കിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് (മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം ) ചട്ടങ്ങൾ 1997 റൂൾ 13(6) പ്രകാരം

ഗുണഭോക്തൃ സമിതികൾ ഏറ്റെടുക്കുന്ന നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചാൽ ഉടൻ ബന്ധപ്പെട്ട രേഖകളോടൊപ്പം ഗുണഭോക്തൃസമിതിയുടെ വരവ് ചെലവ് കണക്കുകളും രേഖകളും ഗ്രാമ പഞ്ചായത്തിന് കൈമാറേണ്ടതാണ്. എന്നാൽ 2018-19 വർഷം ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കിയ ചുവടെ ചേർത്ത പ്രവൃത്തികളുമായി ബന്ധപ്പെട്ട വരവ് ചെലവ് കണക്കുകളും, ബാങ്ക് പാസ്സ്ബുക്ക് പർച്ചേസ് ബില്ലുകൾ എന്നിവയും ബന്ധപ്പെട്ട ഫയലുകളോടൊപ്പം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പ്രസ്തുത രേഖകളുടെ അഭാവത്തിൽ ചുവടെ ചേർത്ത പ്രവൃത്തികളുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. ഗുണഭോക്തൃ സമിതിയുടെ വരവ് ചെലവ് കണക്കുകളും, ബാങ്ക് പാസ്സ്ബുക്ക് പർച്ചേസ് ബില്ലുകൾ എന്നിവയും പരിശോധനയ്ക്ക് ലഭ്യമാകാത്ത സാഹചര്യത്തിൽ ചുവടെ ചേർത്ത പ്രവൃത്തികൾക്കായി വിനിയോഗിച്ച 46,52,594/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

| ക്രമ നം. | പ്രൊജക്ട് നമ്പർ, പ്രവൃത്തിയുടെ പേര് , കൺവീനറുടെ പേര് , ബിൽ നമ്പർ | തുക |
|---|---|---|
| 1 | 170/18-19 ആസാദ് നഗർ ദേവകാന റോഡ് റീ -ടാറിംഗ്<br>എം.ബുക്ക് നമ്പർ 75/2017-18, കൺവീനർ-അബ്ദുൾ നാസർ<br>ബിൽ നമ്പർ 71 തീയതി 19.12.2018 | 1,56,997 |
| 2 | 34/2018-19 കൊമ്മങ്ങള കൊർതിപ്പാററോഡ് റീ -ടാറിംഗ്<br>എം.ബുക്ക് നമ്പർ 115/2017-18, കൺവീനർ-റിച്ചാർഡ് ഡിസൂസ<br>ബിൽ നമ്പർ 47 തീയതി 29.08.2018 - | 1,80,226 |
| 3 | 191/2018-19 ബയ്യാർ സൊസൈറ്റി-മുട്ടജെ റോഡ് റീ -ടാറിംഗ്<br>എം.ബുക്ക് നമ്പർ 72/2017-18, കൺവീനർ-പവിത്രൻ .ഡി.എ<br>ബിൽ നമ്പർ 21 തീയതി 23.06.2018 - | 2,79,834 |
| 4 | 194/2018-19 കൊല്ലുഡെ-തളിതജെ റോഡ് റീ -ടാറിംഗ്<br>എം.ബുക്ക് നമ്പർ 136/2017-18, കൺവീനർ-ശിവ<br>ബിൽ നമ്പർ 9 തീയതി 22.05.2018 - | 70,035 |
| 5 | 200/2018-19 പരംബാര-ജ്രുഡക്കല്ല് റോഡ് റീ -ടാറിംഗ്<br>എം.ബുക്ക് നമ്പർ 75/2017-18, കൺവീനർ-സുരേഷ് ഹോള<br>ബിൽ നമ്പർ22 തീയതി 23.06.2018 - | 1,04,596 |
| 6 | 190/2018-19 മന്നിപ്പാടി എസ്.ടി കോളനി റോഡ് റീ -ടാറിംഗ്<br>എം.ബുക്ക് നമ്പർ 52/2017-18, കൺവീനർ-പള്ളിക്കുഞ്ഞി<br>ബിൽ നമ്പർ14 തീയതി 22.05.2018 - | 2,89,815 |
| 7 | 178/2018-19 ഗോളിക്കട്ടെ അംഗൻവാടി ഹാൾ റിപ്പയറിംഗ്<br>എം.ബുക്ക് നമ്പർ 124/2017-18, കൺവീനർ-ദിനേഷ് ഷെട്ടി<br>ബിൽ നമ്പർ69 തീയതി 27.10.2018 | 77,293 |
| 8 | 171/2018-19 സുബ്ബയ്യക്കട്ടെ-ശാന്തിഹിതിലു റോഡ് റീ -ടാറിംഗ്<br>എം.ബുക്ക് നമ്പർ 39/2017-18, കൺവീനർ-ശൈലജ<br>ബിൽ നമ്പർ62 തീയതി 29.09.2018 | 2,34,667 |

| | | |
|---|---|---|
| 9 | 163/2018-19 ഉമി ബദിയാർ മെയിന്റനൻസ്<br>എം.ബുക്ക് നമ്പർ 129/2017-18, കൺവീനർ-സന്ധ്യ.പി<br>ബിൽ നമ്പർ58 തീയതി 29.08.2018 | 2,21,342 |
| 10 | 198/2018-19 ചേവാർ വിഷ്ണുമൂർത്തി ടെംപിൾ റോഡ് റീ -ടാറിംഗ്<br>എം.ബുക്ക് നമ്പർ 142/2017-18, കൺവീനർ-അസീസ്<br>ബിൽ നമ്പർ74 തീയതി 23.02.2019 | 83,808 |
| 11 | 164/18-19ഗോളിയടക്ക അംഗൻവാടി ഇംപ്രൂവ്മെന്റ്<br>എം.ബുക്ക് നമ്പർ 114/2017-18, കൺവീനർ-ദിനേശ്വരി<br>ബിൽ നമ്പർ44 തീയതി 16.08.2018 | 2,06,523 |
| 12 | 69/18-19 സാജൻകില അവള മട്ടറോഡ് റീ -ടാറിംഗ്<br>എം.ബുക്ക് നമ്പർ 114/2017-18, കൺവീനർ-ദിനേശ്വരി<br>ബിൽ നമ്പർ44 തീയതി 16.08.2018 | 1,73,376 |
| 13 | 185/18-19 ബായാർ പി.എച്ച്.സി കെട്ടിട പുനരുദ്ധാരണം<br>എം.ബുക്ക് നമ്പർ 125/2017-18, കൺവീനർ-കേശവ<br>ബിൽ നമ്പർ33 തീയതി 10.08.2018 | 1,94,361 |
| 14 | 188/18-19 ചെന്നായമൂല തെങ്കമജലു റോഡ് റീ -ടാറിംഗ്<br>എം.ബുക്ക് നമ്പർ 99/2017-18, കൺവീനർ-ബാലകൃഷ്ണ മൂല്യ<br>ബിൽ നമ്പർ1 തീയതി 22.05.2018 | 2,37,759 |
| 15 | 187/18-19 പൈവളിക ഉഢ്ഡെ റോഡ് റീ -ടാറിംഗ്<br>എം.ബുക്ക് നമ്പർ 199/2017-18, കൺവീനർ-സിദ്ദിഖ്<br>ബിൽ നമ്പർ57 തീയതി 29.08.2018 | 1,11,601 |
| 16 | 196/18-19 ബദിയാർ -ബായാർ പഞ്ചലിംഗേശ്വരി ടെംബിൾ റോഡ് റീ -ടാറിംഗ്<br>എം.ബുക്ക് നമ്പർ 83/2017-18, കൺവീനർ-മുരളീധര.ഡി<br>ബിൽ നമ്പർ6 തീയതി 22.05.2018 | 2,25,159 |
| 17 | 207/18-19 പെറുവോടി പാദെക്കല്ലു റോഡ് റീ -ടാറിംഗ്<br>എം.ബുക്ക് നമ്പർ 103/2017-18, കൺവീനർ-ദേവിപ്രസാദ്ഷെട്ടി<br>ബിൽ നമ്പർ05 തീയതി 22.05.2018 | 2,68,233 |
| 18 | 201/17-18 എടക്കാന എസ്.റ്റി കമ്മ്യൂണിറ്റി ഹാൾ മെയിന്റനൻസ്,വാട്ടർ സപ്ലൈ<br>എം.ബുക്ക് നമ്പർ 114/2017-18, കൺവീനർ-കൃഷ്ണ ഗൗഡ<br>ബിൽ നമ്പർ18 തീയതി 22.05.2018 | 1,87,556 |
| | | |

| | | |
|---|---|---|
| 19 | 165/18-19 കരുടപ്പദവ് കൊമ്മങ്കള റോഡ് റീ -ടാറിംഗ്<br>എം.ബുക്ക് നമ്പർ 119/2017-18, കൺവീനർ-ഗോപാല സപല്യ<br>ബിൽ നമ്പർ43 തീയതി 16.08.2018 | 2,73,836 |
| 20 | 205/17-18 ബള്ളൂർ-ക്കുറടുക്ക ടെംപിൾ റോഡ് റീ -ടാറിംഗ്<br>എം.ബുക്ക് നമ്പർ 143/2017-18, കൺവീനർ-താരാനാഥ ആചാര്യ<br>ബിൽ നമ്പർ64 തീയതി 25.10.2018 | 1,74,700 |
| 21 | 199/17-18 മയിൽകല്ല-ഹിത്തില്ലു റോഡ് റീ -ടാറിംഗ്<br>എം.ബുക്ക് നമ്പർ 116/2017-18, കൺവീനർ-നാരായണ<br>ബിൽ നമ്പർ63 തീയതി 19.09.2018 | 81,167 |
| 22 | 189/17-18 പ ഞ്ചിപ്പള്ള -സോന്തി റോഡ്ടാറിംഗ്<br>എം.ബുക്ക് നമ്പർ 83/2017-18, കൺവീനർ-ശിവരാമ.എസ്<br>ബിൽ നമ്പർ11 തീയതി 22.05.2018 | 2,39,462 |
| 23 | 167/18-19ചേരാൾ പേലത്തടുക്ക ബംഗ്ലെ റോഡ് റീ -ടാറിംഗ്<br>എം.ബുക്ക് നമ്പർ 77/2017-18, കൺവീനർ-എൈത്തപ്പ.എസ്<br>ബിൽ നമ്പർ58തീയതി 29.08.2018 | 2,98,515 |
| 24 | 172/18-19 ലാൽബാഗ് കണ്ടത്താട് റോഡ് പുനരുദ്ധാരണം<br>എം.ബുക്ക് നമ്പർ 102/2017-18, കൺവീനർ-അബ്ദുൾറഹിമാൻ.കെ<br>ബിൽ നമ്പർ7തീയതി 22.05.2018 | 2,81,733 |
| | ആകെ | 46,52,594/- |

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

# 3-1 മരാമത്ത് പ്രവൃത്തികൾ കരാർ ചമയ്ക്കുന്നതിൽ കാലതാമസം -ഫൈൻ ഈടാക്കിയിട്ടില്ല

കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 ക്ലോസ് അനുസരിച്ച് സെലക്ഷൻ നോട്ടീസിന്റെ തിയതി മുതൽ 14 ദിവസങ്ങൾക്കുള്ളിൽ പ്രവൃത്തി ലഭിച്ച കരാറുകരാൻ കരാർ ഉടമ്പടി ചമച്ചിരിക്കേണ്ടതാണ്. തുടർന്നുള്ള 10 ദിവസങ്ങളിൽ കരാർ തുകയുടെ 1% പിഴ ഈടാക്കിക്കൊണ്ട് കരാർ ചമക്കാൻ അനുവദിക്കാവുന്നതാണ്. എന്നാൽ ഈ 10 ദിവസങ്ങളിലും കരാറുകാരൻ കരാർ ഉടമ്പടി ചമക്കുന്നില്ലെങ്കിൽ ഈ ബിഡ് തള്ളി പ്രവൃത്തി നിർവഹണത്തിന് ടെണ്ടറിംഗ് അധികാരിക്ക് തുടർന്നുള്ള ചെറിയ തുക ക്വാട്ട് ചെയ്ത ബിഡ്ഡറുമായി നെഗോസിയേഷൻ നടത്താവുന്നതോ റീ ടെണ്ടർ ചെയ്യാവുന്നതോ ആണ്. എന്നാൽ ചുവടെ ചേർത്ത പ്രവൃത്തിയിൽ സെലക്ഷൻ നോട്ടീസ് ലഭിച്ച് നിശ്ചിത സമയത്തിനുള്ളിൽ കരാർ വയ്ക്കാത്തതായും ബിഡ്

തള്ളുന്നതുൾപ്പെടെയുള്ള ശിക്ഷാ നടപടികൾ എടുക്കാതെ വൈകി കരാർ ചമച്ചതായും വൈകി കരാർ വച്ചതിന് മാന്വലിൽ അനുശാസിക്കുന്ന പിഴ ഈടാക്കാത്തതായും കാണുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെപേര്, കരാർതുക, കരാറുകാരൻ | സെലക്ഷൻ നോട്ടീസിന്റെ തിയതി | പിഴ കൂടാതെ കരാർ ചമക്കാമായിരുന്ന തിയതി | 1% പിഴയോടു കൂടി കരാർ ചമക്കാമായിരുന്ന തിയതി | കരാർ ചമച്ച തിയതി | പിഴ ഈടാക്കാത്തതിനാലുള്ള നഷ്ടം |
|---|---|---|---|---|---|---|
| 1 | റംബായിമൂലെ-ചേരൽ റോഡ് ടാറിംഗ്<br>4,00,000/-<br>ടി.ഡി.ഉമ്മർ<br>ടി.ഡി.ഹൗസ് ,ചട്ടഞ്ചാൽ, തെക്കിൽ ഫെറി,കാസർഗോഡ് | 14.09.18 | 27.9.18 | 7.10.18 | 20.11.18 | 4000 |
| 2 | ഗോളിക്കട്ടെ കയർമൂലേ കട്ടർബോളഗുഡ്ഡെ റോഡ് പുനരുദ്ധാരണം<br>1,82,050/-<br>അബ്ദുന്നി ഹാജി പിഡബ്ല്യുഡി കോൺട്രാക്ടർ.<br>ബി.എം ഹൗസ്,അമ്മേരി | 20.07.18 | 02.08.18 | 11.08.18 | 28.01.19 | 1821/- |
| 3 | ദേര പട് ലകോടി ബെടഗുഡ്ഡെ റോഡ് ടാറിംഗ്<br>2,50,000/-<br>അബ്ദുന്നി ഹാജി പിഡബ്ല്യുഡി കോൺട്രാക്ടർ. | 15.07.18 | 28.07.18 | 7.08.18 | 28.01.19 | 2500/- |
| 4 | ചേരൽ പീളത്തട്ക്ക ബാംഗളെ റോഡ് ടാറിംഗ്<br>4,00,000/-<br>ടി.ഡി.ഉമ്മർ<br>ടി.ഡി.ഹൗസ് ,ചട്ടഞ്ചാൽ,തെക്കിൽ ഫെറി,കാസർഗോഡ് | 17.09.18 | 30.09.18 | 10.10.2018 | 20.11.18 | 4000 |
| | കംബാർ പാഞ്ചികോടി<br>റോഡ് പുനരുദ്ധാരണം<br>2,50,000/-<br>അബ്ദുൾ റഹ്മാൻ പിഡബ്ല്യുഡി കോൺട്രാക്ടർ | 15.09.18 | 28.09.18 | 08.10.18 | 29.12.18 | 2,500/- |
| 6 | ബീദുബായിൽ കൊല്ലാറഗുലി റോഡ് ടാറിംഗ്<br>2,50,000/-, ഹമീദ്<br>പിഡബ്ല്യുഡി കോൺട്രാക്ടർ,ധർമ്മത്തടുക്ക | 15.09.18 | 28.09.18 | 08.10.18 | 29.12.18 | 2500/- |
| 7 | താജിപ്പ-അമ്മേരി ധോമാവതി റോഡ് പുനരുദ്ധാരണം<br>196,000/-,<br>അബ്ദുന്നി ഹാജി | 15.09.18 | 28.09.18 | 08.10.18 | 28.01.19 | 1960/- |

| | | | | | | |
|---|---|---|---|---|---|---|
| | പിഡബ്ല്യുഡി കോൺട്രാക്ടർ | | | | | |
| 8 | കണിയാളത്തടക്ക-കൊച്ചി കരുവാജേറോഡ് ടാറിംഗ്<br>1,95,000/-, ഹമീദ്, ധർമ്മത്തടുക്ക ,ബാഡൂർ | 14.07.18 | 27.07.18 | 06.08.18 | 29.12.18 | 1950/- |
| 9 | പഞ്ചിപ്പള്ള സോന്തി<br>റോഡ് ടാറിംഗ്<br>300000/-അഞ്ചുന്നി ഹാജി<br>പി.ഡബ്ല്യു.ഡി കോൺട്രാക്ടർ | 10.01.18 | 24.01.18 | 03.02.18 | 05.03.18 | 3000/- |
| 10 | മാനിപ്പാടി-എസ്.ടി.കോളനി ഫുട്പാത് കോൺക്രീറ്റ്<br>290,000/-, മുഹമ്മദലി,പി.ഡബ്ല്യു.ഡി<br>കോൺട്രാക്ടർ | 15.12.17 | 29.12.17 | 08.01.18 | 01.02.18 | 2900/- |
| 11 | ചേരൽ ശങ്കരമൂലെറോഡ് ടാറിംഗ്<br>2,00,000/-, എസ്.അബ്ദുള്ള<br>പി.ഡബ്ല്യു.ഡി കോൺട്രാക്ടർ | 15.09.18 | 29.09.18 | 09.10.2018 | 30.11.2018 | 2,000/- |
| 12 | കൊമ്മങ്ങള ചാകാറ്റമൂലേ ബെദ്രോടി താജിപ്പ റോഡ് പുനരുദ്ധാരണം<br>2,50,000/-, എസ്.അബ്ദുള്ള<br>പി.ഡബ്ല്യു.ഡി കോൺട്രാക്ടർ<br>ചിപ്പാർ | 10.07.18 | 24.07.18 | 03.08.18 | 30.11.18 | 2,500 |
| 13 | ബംഗ്ലേ കരുവാജേറോഡ് പുനരുദ്ധാരണം<br>200,000/-,<br>ഹമീദ്,ധർമ്മത്തടുക്ക ,ബാഡൂർ പി.ഡബ്ല്യു.ഡി കോൺട്രാക്ടർ | 06.08.18 | 20.08.18 | 30.08.18 | 30.11.18 | 2000/- |
| 14 | ഗോലികട്ടെ മുതൽ കരുവോള് റോഡ് റീ ടാറിംഗ്<br>3,50,000/-<br>അഞ്ചുന്നി ഹാജി<br>പിഡബ്ല്യുഡി കോൺട്രാക്ടർ. | 12.12.18 | 26.12.18 | 05.01.19 | 28.01.19 | 3500/- |
| 15 | ചെവർ വിഷ്ണമൂർത്തി ടെംപിൾ റോഡ് പുനരുദ്ധാരണം<br>2,00,000/-<br>അബ്ദുൾറഹിമാൻ,പിഡബ്ല്യുഡി കോൺട്രാക്ടർ.അംഗടിമൊഗർ | 15.09.18 | 29.09.18 | 09.10.18 | 29.12.18 | 2000/- |
| 16 | ബോളകട്ടെ ബില്വാരമൂലെ റോഡ്ടാറിംഗ്<br>2,45,000/-<br>എസ്.അബ്ദുള്ള,<br>പി.ഡബ്ല്യു.ഡികോൺട്രാക്ടർ,ചിപ്പാർ | 15.09.18 | 29.09.18 | 09.10.18 | 30.11.18 | 2450/- |
| | **ആകെ** | | | | | **41581/-** |

മേൽ അപാകതകൾക്കുള്ള വിശദീകരണങ്ങൾ നൽകാൻ ഓഡിറ്റ് എൻക്വയറി നം- 06തീയ്യതി 14-02-2020 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും ആയതിന് മറുപടി നൽകിയിട്ടില്ല. ആയതിനാൽ ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള നഷ്ടം ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്. കാരാറുകാരിൽ നിന്നും ഈടാക്കുവാൻ സാധിക്കാത്ത പക്ഷം ഉത്തരവാദപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതാണ്. കൂടാതെ ഇത്തരം അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ മേൽ വിഷയത്തിൽ പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾ കർശനമായും പാലിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

# 3-2 മരാമത്ത് പ്രവൃത്തി -അളവ് മൂല്യത്തിൽ ഉൾപ്പെട്ട ഇനങ്ങൾ നിർവ്വഹണം ചെയ്യാതെ തുക അനുവദിച്ചു

**എ)** കോപ്പജെ അങ്കണവാടി കുടിവെള്ള പദ്ധതിയ്ക്കായി 2018-19 വർഷം പ്രൊ.നം 238/18-19 പ്രകാരം 1.74 ലക്ഷം രൂപ വകയിരുത്തുകയും , കുഴൽകിണർ നിർമ്മിച്ച് , ടാങ്ക് സ്ഥാപിച്ചതിന് ഓഡിറ്റ് വർഷം 1,27,700 രൂപ കരാറുകാരൻ ഹമീദിന് നൽകിയിട്ടുണ്ട്.(ട്രഷറി ബിൽ നം.51/18-19 തി.29.8.2018&എം.ബുക്ക്.നം.282/18-19)). പദ്ധതിയുടെ വിശദാംശങ്ങൾ അടങ്ങിയ നെയിംബോർഡ് സ്ഥാപിക്കുന്നതിനുള്ള ചെലവ് 3,500/- രൂപ ഉൾപ്പടെയുള്ള തുകയാണ് ആകെ അളവ് മൂല്യം കണക്കാക്കി കരാറുകാരന് മേൽപ്രകാരം നൽകിയത്.എന്നാൽ ഓഡിറ്റിന്റെ ഭാഗമായി എൽ.എസ്.ജി.ഡി അധികൃതരുടെ സാന്നിധ്യത്തിൽ ഓഡിറ്റ് ടീം 13.02.2020സ്ഥലപരിശോധന നടത്തിയതിൽ പദ്ധതിയുടെ വിശദാംശങ്ങൾ അടങ്ങിയ നെയിംബോർഡ് നാളിതുവരെ സ്ഥാപിച്ചിട്ടില്ലാത്തതായി കാണുകയുണ്ടായി. ചെയ്യാത്ത പ്രസ്തുത ഇനം ഉൾപ്പെടെ കണക്കാക്കി കരാറുകാരന് തുക നല്കിയതുമൂലം പഞ്ചായത്ത് ഫണ്ടിന് നേരിട്ട നഷ്ടം 3,500/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. പ്രസ്തുത തുക ഉത്തരവാദപ്പെട്ടവരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ബി)** ലാൽ ബാഗ് അങ്കണവാടി പുനരുദ്ധാരണത്തിന്റെ ഭാഗമായി 2018-19 വർഷം പ്രൊ.നം 232/18-19 പ്രകാരം 2.50 ലക്ഷം രൂപ വകയിരുത്തുകയും , ഇതുപ്രകാരമുള്ള വിവിധ പ്രവൃത്തികൾക്കായി ഓഡിറ്റ് വർഷം 2,14,327/- രൂപ ആകെ അളവ് മൂല്യം കണക്കാക്കി കരാറുകാരൻ അഞ്ഞിഞ്ഞിഹാജിക്ക് നൽകിയിട്ടുണ്ട്.(ട്രഷറി ബിൽ നം.76/18-19 തി.20.03.2019). ഇതുപ്രകാരം കെട്ടിടത്തിന്റെ പെയിന്റിങ്ങിന് 10,000/- രൂപയും (എം.ബുക്ക്.01/18-19 പേജ് നം 44), providing and fixing white vitreous water closet squatting pan എന്നയിനത്തിന് 1428/- രൂപയും (എം.ബുക്ക്.01/18-19 പേജ് നം 44) ഉൾപ്പെടുത്തിയാണ് കരാറുകാരന് തുക അനുവദിച്ചിട്ടുള്ളതെങ്കിലും, ഓഡിറ്റിന്റെ ഭാഗമായി എൽ.എസ്.ജി.ഡി അധികൃതരുടെ സാന്നിധ്യത്തിൽ ഓഡിറ്റ് ടീം 13.02.2020സ്ഥലപരിശോധന നടത്തിയതിൽ മേൽ രണ്ട് ഇനം പ്രവൃത്തികളും ചെയ്തിട്ടില്ലയെന്ന് കാണുകയുണ്ടായി . ചെയ്യാത്ത മേൽ ഇനങ്ങൾ ഉൾപ്പെടെ കണക്കാക്കി കരാറുകാരന് തുക നല്കിയതുമൂലം പഞ്ചായത്ത് ഫണ്ടിന് നേരിട്ട നഷ്ടം 11,428/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. പ്രസ്തുത തുക ഉത്തരവാദപ്പെട്ടവരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.08/തി.13.02.2020)

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച്

# സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന്റെ ഭാഗമായി കണക്കുകൾ പരിശോധിച്ച തീയ്യതി | സർട്ടിഫിക്കറ്റ് നമ്പർ/തീയ്യതി |
|---|---|---|
| 2018-19 | 08.07.2019 മുതൽ 09.07.2019 വരെ | കെ.എസ്.എ-കെ.എസ്.ഡി3/433/2019, തീയ്യതി.19-07-2019. |

# 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 5,95,000 | Paddy Labour Charges | 5,95,000 | 0 |
| | 2018-19 | 2,00,000 | Dairy Farming | 1,99,964 | 36 |
| | 2018-19 | 11,80,243 | LIFE Mission General | 11,80,000 | 243 |
| | 2018-19 | 3,09,423 | LIFE Mission S C P | 0 | 3,09,423 |
| | 2018-19 | 34,405 | LIFE Mission T S P | 0 | 34,405 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 2,00,000 | Palliative Care | 1,99,862 | 138 |
| | 2018-19 | 12,08,667 | LIFE Mission General | 12,08,000 | 667 |
| | 2018-19 | 1,95,313 | LIFE Mission S C P | 0 | 1,95,313 |
| | 2018-19 | 55,556 | LIFE Mission T S P | 0 | 55,556 |
| | | | | | |

# 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രൊജക്ടിന്റെ പേര് | വൗച്ചർ നം / ബിൽ .നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കുവാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|
| N A | N A | N A | N A | N A | N A |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| E M S Housing Scheme Loan | G O (M S) No 207/2009/LID dated 07-11-2010 | 1,97,19,000 | 17,01,453 | 17,01,453 | | 0 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2014-15 | 3.1.1 To 3.7 | 1,29,084 | Shri.Valsan Padinharepurayil, Assistant Executive Engineer | 118100101667 dated 10-07-2018 * |
| 2016-07 | 3.2 | 18,542 | Shri.Valsan Padinharepurayil, Assistant Executive Engineer | 118100101942 dated 21-07-2018 |
| 1987-88 | 8.2 | 1 | Shri.Abdulla S, Contractor | 118100103620 dt:13-11-2018 |

* Rs 64,887/- has been refunded to Shri.Valsan Padinharepurayil for having remitted the Amount of Loss in excess as certified by No KSA 11066/Spl Cell/CSC/C/2/2016 DATED 04-09-2018 of the Kerala State

audit Department.

# 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

# 4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹10,28,89,265 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹8,11,32,397 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹56,509 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹49,45,494 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 41,581/- | രാഹുൽ.ആർ, അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-2 (എ) | - | 3,500/- | അജയകുമാർ.എ.വി, അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-2(ബി) | - | 11,428/- | അജയകുമാർ.എ.വി, അസിസ്റ്റന്റ് എഞ്ചിനിയർ |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | ₹1,86,900/-- | നിസാർ.കെ.പി അസിസ്റ്റന്റ് സെക്രട്ടറി |

| | | |
|---|---|---|
| 1-18 | ₹1,06,000/- | സെക്രട്ടറി |
| 1-31 | 46,52,594/ | അസിസ്റ്റന്റ് എഞ്ചിനിയർ |
| ആകെ | 49,45,494 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| രാഹുൽ.ആർ<br>അസിസ്റ്റന്റ് എഞ്ചിനിയർ | ലഭ്യമല്ല | രാഹുൽ.ആർ,<br>പുത്തൻവീട്,<br>കൊന്നമൺകര, അടൂർ,<br>പത്തനംതിട്ട ജില്ല. |
| അജയകുമാർ.എ.വി<br>അസിസ്റ്റന്റ് എഞ്ചിനിയർ | ലഭ്യമല്ല | അജയകുമാർ.എ.വി,<br>ആലിൻചുവട്ടിൽ ഹൗസ്,<br>എരിമ്പനം.പി.ഒ.,<br>എറണാകുളം ജില്ല. |

# 4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം |
|---|---|---|
| 1987-88, to 1989-90 | LF.C1/210/95 dt:21.12.95 | 5 |
| 1989-90 to 93-94 | LF.KSD-1-253/96 dt:06.06.96 | 5 |
| 1996-97 | LF.KSD-5-593/99 dt:2.02.2000 | 19 |
| 1990-91& 91-92 | LF.KSD-5-592/99 dt:15.06.2002 | 6 |
| 1997-98 | LF.KSD-6-301/04 dt:04.03.05 | 2 |
| 1998-99 | LF.KSD6-302/04 dt:04.03.2005 | 5 |
| 1999-2000 | LF.KSD-6-303/04 dt:04.03.05 | 6 |
| 2000-01 | LF.KSD-6-304/04 dt:04.03.05 | 5 |
| 2001-02 | LF.KSD-6-305/04 dt:04.03.05 | 5 |

| | | |
|---|---|---|
| 1997-98 | LF.KSD-6-239/05 dt:04.05.06/19.02.2008 | 9 |
| 1998-99 | LF.KSD-6-328/05 dt:27.04.06 | 14 |
| 1999-00 | LF.KSD-4-766/06 dt:04.06.07 | 9 |
| 2001-02 (final) | LF.KSD-4-203/07 dt:04.06.07 | 31 |
| 2000-01(Final) | LF.KSD-4-136/07 dt:04.06.07 | 18 |
| 2002-03(Final) | LF.KSD-4-58/08 dt:17.11.08 | 12 |
| 2003-04 | LF.KSD-4-59/08 dt:23.03.09 | 25 |
| 2004-05 | LF.KSD-4-61/08 dt:26.02.09 | 25 |
| 2005-06 | LF.KSD-4-103/08 dt: 04.02.09 | 22 |
| 2006-07 | LF.KSD-7-674/11 dt: 14.02.12 | 6 |
| 2007-08 | LF.KSD-4-63/12 dt: 13.09.12 | 28 |
| 1992-93 & 95-96 | LF.KSD-4-578/07 dt 28.10.09 | 5 |
| 2010-11&11-12 | LF.KSD-4-723/13 dt:06.03.2014/10.06.14 | 35 |
| 2008-09,2009-10 | LF.KSD-4-885/12 dt:06.06.2013/05.10.13 | 41 |
| 2012-13 &2013-14.. | LF.KSD-9-271/15 dt: 11.08.2015. | 10 |
| 2014-15 | LF.KSD-5/129/16 dt: 08.03.2016 | 13 |
| 2015-16 | KSA.KSD-5 /76/2017 dt: 28.01.2017 | 21 |
| 2016-17 | KSA.KSD-5 /635/2017 dt: 12.06.2017 | 18 |
| 2017-18 | KSA.KSD-5/104/2019. dt: 14.02.2019 | 25 |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം കാസറഗോഡ്.

# <u>അനുബന്ധം-1</u> <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

നം: കെ.എസ്.എ/കെ.എസ്.ഡി/5/184/2020.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ് – 671121.
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 0499 4256690.
തീയ്യതി: 11-03-2020.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്-4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(6) 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64എന്നിവ അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ.) 1413/2018/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പൈവളികെ ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിലെ ഖണ്ഡിക 00 ൽ ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ.

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

# <u>അനുബന്ധം-2</u> <u>ഇൻകം & എക്സ്പെൻറിച്ചർ സ്റ്റേറ്റ്മെൻറ്</u>

| |
|---|
| Paivalike Grama Panchayat<br>INCOME & EXPENDITURE STATEMENT |

| | | | |
|---|---|---|---|
| | For the period from 01-April-2018 to 31-March-2019 | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 3493439.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 128960.00 |
| 140000000 | Fee & User Charges | I-4(b) | 683160.00 |
| 150000000 | Sale & Hire Charges | I-5(b) | 245780.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 135023646.00 |
| 171000000 | Interest Earned | I-8 | 354049.00 |
| 180000000 | Other Income | I-9 | 914.00 |
| | **Total Income** | | **139929948.00** |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 8358930.00 |
| 220000000 | Administrative Expenses | I-11(b) | 749241.00 |
| 230000000 | Operations & Maintenance | I-12(b) | 905977.00 |
| 240000000 | Interest & Finance Charges | I-13 | 927.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 3935481.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 58612461.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 4767219.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 819202.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 46827340.00 |
| 255000000 | Maintenance Projects | I-14(e) | 9449313.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 33003.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 200000.00 |
| 272000000 | Depreciation | I-17(a) | 10620125.00 |
| | **Total Expenditure** | | **145279219.00** |
| | **Gross Surplus/ Deficit of income over Expenditure** | | **-5349271.00** |
| 280000000 | Prior Period Item | I-18 | 369456.00 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **-5718727.00** |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം-3 റസീറ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Paivalike Grama Panchayat<br>RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 10953842.00 |
| Cash | Cash | RP-40(a) | 67697.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 956325.00 |
| 130000000 | Rental income from Panchayat Properties | RP-3 | 12500.00 |
| 140000000 | Fees & User Charges | RP-4 | 586460.00 |
| 150000000 | Sale & Hire Charges | RP-5 | 245780.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 63162538.00 |

| | | | |
|---|---|---|---|
| 171000000 | Interest Earned | RP-9 | 354049.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 9197929.00 |
| 350000000 | Other Liabilities | RP-36 | 1846851.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 914.00 |
| 311000000 | Earmarked Funds | RP-29 | 222.00 |
| 330000000 | Secured Loans | RP-32 | 7912000.00 |
| 340000000 | Deposits Received | RP-34 | 135636.00 |
| 350000000 | Other Liabilities | RP-36 | 638191.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 17809870.00 |
| 460000000 | Loans, Advances and Deposits | RP-47 | 30000.00 |
| | **Grand total** | | **113910804.00** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 3132927.00 |
| 220000000 | Administrative Expenses | RP-12 | 749241.00 |
| 230000000 | Operations & Maintenance | RP-13 | 905977.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 3687203.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 21214765.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 5015497.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 819202.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 653440.00 |
| 255000000 | Maintenance Projects | RP-20 | 9449313.00 |
| 280000000 | Prior Period item | RP-26 | -112085.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 416734.00 |
| 350000000 | Other Liabilities | RP-36 | 6326917.00 |
| | **Non Operating** | | |
| 240000000 | Interest & Finance Charges | RP-14 | 927.00 |
| 280000000 | Prior Period Item | RP-26 | -720.00 |
| 330000000 | Secured Loans | RP-32 | 1701453.00 |
| 350000000 | Other Liabilities | RP-36 | 1827972.00 |
| 410000000 | Fixed Assets | RP-38 | 15030528.00 |
| 412000000 | Capital work in Progress | RP-40 | 1295385.00 |
| 440000000 | Pre-paid Expenses | RP-45 | 7912000.00 |
| 460000000 | Loans, Advances and Deposits | RP-47 | 1105721.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 32657585.00 |
| Cash | Cash | RP-40(b) | 120822.00 |
| | **Grand Total** | | **113910804.00** |

# അനുബന്ധം-4 ബാലൻസ് ഷീറ്റ്

| | | | |
|---|---|---|---|
| Paivalike Grama Panchayat<br>BALANCE SHEET | | | |
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 6939172.60 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 5783.00 |
| 312000000 | Reserves | B-3 | 81984728.00 |
| | **Total Reserve & Surplus** | | **88929683.60** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 7242510.00 |
| | **Total Grants, Contributions for Specific Purposes** | | **7242510.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 7912000.00 |
| | **Total Loans** | | **7912000.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 278856.00 |
| 350000000 | Other Liabilities | B-9 | 981191.40 |
| | **Total Current Liabilities and Provisions** | | **1260047.40** |
| | **TOTAL LIABILITIES** | | **105344241.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 96183996.00 |
| 411000000 | Accumulated Depreciation | B-11 | -34004664.00 |
| 412000000 | Capital Work in Progress | B-11(a) | 200334.00 |
| | **Total Fixed Assets** | | **62379666.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 0.0 |
| | **Total Investments** | | **0.0** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 1610527.00 |

| | | | |
|---|---|---|---|
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 7912000.00 |
| 450000000 | Cash and Bank Balance | B-17 | 32778407.00 |
| 460000000 | Loans, Advances and Deposits | B-18 | 663641.00 |
| | **Total Current Assets, Loans and Advances** | | **42964575.00** |
| | **Total Current Assets, Loans and Advances** | | **0.0** |
| | **Other Assets** | | |
| | **Miscellaneous Expenditure (To the Extent not written off)** | | |
| | TOTAL ASSETS | | **105344241.00** |